കരട്

# കേരള സർക്കാർ

**കേരള സംസ്ഥാന റോഡ് ഗതാഗതപദ്ധതിയുടെ പുനർരൂപീകരണത്തിനുവേണ്ടിയുള്ള നയപരമായ ചട്ടക്കൂടിന്റെ പുനഃസ്ഥാപനം ഗോത്രവർഗ വികസനത്തിനുള്ള ചട്ടക്കൂട്**

## [പദ്ധതി (II) ]

## തദ്ദേശ സ്വയംഭരണം
## മെയ് 10 2019

DRAFT

**ആമുഖം**

1. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരദേശ സംസ്ഥാനമായ കേരളം പടിഞ്ഞാറ് അറബിക്കട ലിനാലും കിഴക്ക് പശ്ചിമഘട്ടപർവതങ്ങളാലും ചുറ്റപ്പെട്ടിരിക്കുന്നു. വടക്കുതെക്കായി 35 കിലോമീറ്റർ മുതൽ 120 കിലോ മീറ്റർ വരെ വ്യത്യസ്ത വീതിയിൽ 580 കിലോമീറ്റർ വരുന്ന തീരരേഖ സംസ്ഥാനത്തിലൊട്ടാകെ നീണ്ടു നിവർന്നു കിടക്കുന്നു. ഈ ഭൂപ്രദേശം സംസ്ഥാനത്തെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ കിഴക്കു പടിഞ്ഞാറായി മൂന്നു വ്യതിരിക്തങ്ങ ളായ പ്രദേശങ്ങളായി വേർതിരിക്കുന്നു; കുന്നുകളും താഴ്‌വരകളും ഉൾനാടുകളും സമതല ങ്ങളും തീരപ്രദേശങ്ങളുമായി പശ്ചിമഘട്ടത്തിന് നെടുകെയുള്ള കിഴക്കേ അറ്റംഇടതൂർന്ന വനപ്രദേശങ്ങളാൽ മൂടപ്പെട്ട ചെങ്കുത്തായ പർവതങ്ങളും താഴ്‌വരകളും കാണാം. കേരള ത്തിൽ 44 നദികളുണ്ട്. ഇവയെല്ലാം പശ്ചിമഘട്ടത്തിൽനിന്ന് ഉൽഭവിക്കുന്നു. ഇവയിൽ 41 എണ്ണം പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ ചെന്നു ചേരുന്നു. കിഴക്കോട്ടൊഴുകുന്ന 3 നദികൾ അയൽസംസ്ഥാനങ്ങളിലെ നദിയായ കാവേരി നദിയുടെ പോഷകനദികളായി മാറു ന്നു. കായലുകളാണ് കേരളസംസ്ഥാനത്തിന്റെ പ്രത്യേക സവിശേഷത. തടാകങ്ങളെയും കായലുകളെയും ബന്ധിപ്പിക്കുന്ന കനാലുകൾ തിരുവനന്തപുരത്തുനിന്നും വടകരവരെ അവിരാമമായ ഉൾനാടൻ കപ്പൽയാത്ര സുഗമമാക്കുന്നു.

2. കേരളത്തിൽ 14 ജില്ലകളും 21 റവന്യൂ ഡിവിഷനുകളും 75 താലൂക്കുകളും 152 ബ്ലോക്ക് പഞ്ചാ യത്തുകളും 941 ഗ്രാമപഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും 1664 വില്ലേജുകളും ഉൾപ്പെടുന്നു. 8°18’ N നും 12°48 N വിസ്തൃതിക്കും 74°52’ E ഉം 77°22’ E ഉം ദൈർഘ്യത്തിനും ഇടയിൽ കേരളസംസ്ഥാനം രാജ്യത്തിന്റെ 1.18./0 സ്ഥലത്ത് വ്യാപിച്ചു കിട ക്കുന്നു. ഇന്ത്യയുടെ ജനസംഖ്യയുടെ 3.44 % നമ്മുടെ സംസ്ഥാനത്തുള്ളത്. ഒരു സ്ക്വയർ കിലോമീറ്ററിനുള്ളിൽ 860 വ്യക്തികളെന്ന കണക്കിൽ 33406061 ആണ് കേരളത്തിന്റെ ജനസം ഖ്യ. ഇന്ത്യയിലെ ഇതര ഭൂവിഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ജനസാ ന്ദ്രത മൂന്നിരട്ടിവരും. വൃദ്ധജനങ്ങളുടെ[1] (60 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ) ക്രമാ തീതമായ വർദ്ധനവും കേരളം കണ്ടറിയുകയാണ്.

3. കേരളത്തിന്റെ മാനുഷിക വികസനപട്ടികകൾ (HDIs) പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യപരി പാലനം ദാരിദ്ര്യനിർമാർജനം ഇന്ത്യയിൽത്തന്നെ ഏറ്റവും ഉത്തമമാണ്. ഇന്ത്യയിൽ സംസ്ഥാ നങ്ങളുടെയിടയിൽ ഏറ്റവും ഉയർന്ന സാക്ഷരതാനിരക്കിലൊന്നും (94.0%) ശരാശരി ആയുർദൈർഘ്യം (74.9 വർഷം)[2] കേരളത്തിലാണ്. ഗ്രാമപ്രദേശങ്ങളിലെയും പട്ടണപ്രദേശ ങ്ങളിലെയും പട്ടിണി കുറച്ചുകൊണ്ടുവരുന്നതിൽ സമഗ്രമായ കുതിച്ചുചാട്ടമാണ് കേരളം കൈവരിച്ചിരിക്കുന്നത്. 1973–74 നും 2011–12 നുമിടയിൽ ഗ്രാമീണ–നഗര ദാരിദ്ര്യത്തിന്റെ തോത് യഥാക്രമം 59.19 ശതമാനത്തിൽനിന്നും 7.3 ശതമാനമായും 62.74 ശതമാനത്തിൽ നിന്നും 15.3 ശതമാനമായും താഴുകയുണ്ടായി. എന്നാൽ, ഇത് ഇന്ത്യയെ സംബന്ധിച്ചിട ത്തോളം യഥാക്രമം 56.44 ശതമാനത്തിൽനിന്നും 30.9 ശതമാനമായും 49.01 ശതമാനത്തിൽ


നിന്നും 26.4 ശതമാനം മാത്രമായാണ് താഴ്ന്നത്. മൊത്തം വിലനിലവാര സൂചിക (GSDP)- അനുസരിച്ച് കേരളത്തിന്റെ വിലസൂചിക 1,79,778 രൂപയാണ് (അമേരിക്കൻ ഡോളർ 2481.58). ഇത് ഇന്ത്യൻ ശരാശരിക്കു മുകളിലാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ പ്രധാനമായും ആശ്രയിക്കുന്നത് വിദേശരാജ്യങ്ങളിൽ (പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ) ജോലി ചെയ്യുന്ന പ്രവാസികളെയാണ്. ഇത് മൊത്ത വരുമാനത്തിന്റെ (GSDP) അഞ്ചിലൊന്നിലധികം വരും. സേവനമേഖലയും (ടൂറിസം, പൊതുഭരണം, ബാങ്കിംഗ് മേഖല, സാമ്പത്തികരംഗം, ഗതാഗതം, വാർത്താവിനിമയം ഉൾപ്പെടെയുള്ളത്) കൃഷിയും മൽസ്യബന്ധനവും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ കാതലായ ഘടകങ്ങളാണ്.

---


1. Kerala Department of Economics & Statistics Website, Basic Statistics, Last updated Jan 23, 2018
2. Abdriged Life Tables 2010 – 14. Office of the Registrate General and Census Commissioner, India Pg
3. Kerala State Planning Board, Economic Review 2016 Marco Economic Profile


DRAFT

# കേരളത്തിന്റെ ഭരണപരമായ അതിർത്തികൾ



## പ്രകൃതിദുരന്തങ്ങൾക്ക് വശംവദമാകുന്ന അവസ്ഥ

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം, കാലാവസ്ഥയുടെ ക്രമം, ഉയർന്ന ജനസാന്ദ്രത തുടങ്ങിയവ രൂക്ഷമായ പ്രകൃതിദുരന്തങ്ങൾക്കും മനുഷ്യനിർമിതദുരന്തങ്ങൾക്കും സാധ്യതയുള്ള ഘടകങ്ങളാണ്. മാനവവികാസ സൂചിക (HDI) എന്നത് ഉപഭോഗത്തിന്റെ തോത്, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുടെ സംയുക്തസൂചികയായതിനാൽ അത് ജനത്തിന്റെ സാമൂഹിക സാമ്പത്തിക വശംവദത്വത്തിന്റെ സൂചകമാണ്. മാനവവികാസ സൂചിക (HDI) ഉയർന്നു നിൽക്കുമ്പോൾ നേരിടാനുള്ള കഴിവും ഉയർന്നു നിൽക്കും. എന്നാൽ, സഞ്ചിതനഷ്ടത്തിന്റെ ശക്തിയും അപകടാവസ്ഥയും അളവിൽ കവിഞ്ഞതായിരിക്കും. അതിനാൽ രാജ്യത്തിന്റെ ബാക്കി പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ദുരന്തസാധ്യതകൾ വളരെ വലിയ അളവിലുള്ളതാണ്. ഇതുകൂടാതെ കേരളം ചുഴലിക്കാറ്റ്, കാലവർഷക്കാറ്റിന്റെ അലയടി, തീരദേശദ്രവീകരണം, സമുദ്രനിരപ്പിലുള്ള ഉയർച്ച, സുനാമി, വരൾച്ച, മിന്നൽ, ഉരുൾപൊട്ടൽ, ഭൂമി താഴ്ന്നുപോകൽ (തുരങ്ക ദ്രവീകരണംമൂലമോ, മണ്ണൊലിപ്പുമൂലമോ) ഭൂമികുലുക്കം തുടങ്ങിയ നിരവധി പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശമാണെന്ന പ്രത്യേകതയുമുണ്ട്.

## ദുരന്തം: 2018 കാലവർഷക്കെടുതി

2018 ജൂൺ 1 മുതൽ 2018 ആഗസ്റ്റ് 19 വരെ കേരളത്തിൽ 2346.6 മി.മീറ്റർ മഴ ലഭിക്കുകയുണ്ടായി. ഇത് പ്രതീക്ഷിക്കപ്പെട്ട 1649.5 മി. മീറ്ററിന് വിരുദ്ധമായിരുന്നു (കാലാവസ്ഥാപഠന വകുപ്പിന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ). ഈ വർഷപാതം സാധാരണയേക്കാൾ 42% അധികമായിരുന്നു. ഇതുകൂടാതെ ജൂൺ, ജൂലായ് മാസങ്ങളിലും ആഗസ്റ്റ് 1 മുതൽ ആഗസ്റ്റ് 19 വരെയും കേരളത്തിൽ പെയ്ത മഴയുടെ ശതമാനം യഥാക്രമം 15%, 18%, 164% എന്നിങ്ങനെയായിരുന്നു. ഇത് അസാധാരണമായിരുന്ന സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുള്ള 35 ഡാമുകൾ വെള്ളം ഒഴുക്കി വിടാനായി തുറന്നു. ഇടുക്കി ഡാമിന്റെ 5 ഷട്ടറുകളും 26 വർഷത്തിനിടയിൽ ആദ്യമായി തുറന്നു. വയനാട്ടിലും ഇടുക്കിയിലുമുണ്ടായ കനത്ത മഴ രൂക്ഷമായ ഉരുൾപൊട്ടലിനു കാരണമായി. ഈ കാലയളവിൽ 498 പേർക്ക് ജീവഹാനിയുണ്ടായതായും 1.4 ദശലക്ഷം പേർ ദുരിതാശ്വാസക്യാമ്പുകളിൽ അഭയം പ്രാപിച്ചതായും റിപ്പോർട്ടു ചെയ്യപ്പെട്ടു. കേരള സർക്കാർ നടത്തിയ നഷ്ടങ്ങളുടെ പ്രാഥമിക കണക്കെടുപ്പിൽ 19512 കോടി രൂപ (2.8 ലക്ഷം കോടി അമേരിക്കൻ ഡോളർ)യുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. 2018 സെപ്റ്റംബർ 13-ന് ഇന്ത്യാഗവണ്മെന്റിന് കേരള സർക്കാർ നൽകിയ തുടർ നിവേദനത്തിൽ പറയുന്നത്, ആഗസ്റ്റ് 1 മുതൽ 31 വരെയുള്ള കാലയളവിൽ 59,345 ഹെക്ടർ കൃഷിഭൂമിയും 40,188 വലിയ മൃഗങ്ങളും 7,51,303 പക്ഷികളും നശിച്ചുപോയെന്നാണ്. 9538 കിലോമീറ്റർ റോഡ് തകരാറിലാവുകയും 6,05,675 വ്യക്തികൾ ദുരന്തത്തിനിരയായതായും നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിനാൽ സംസ്ഥാനത്തിന്റെ മൊത്തം ആവശ്യം 4796.35 കോടി രൂപയുടെ അധികലഭ്യത ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതിചെയ്തു.

## മേഖലാ പശ്ചാത്തലം

റോഡുകൾ/ഹൈവേകൾ കേരളത്തിലെ ഗതാഗതസമ്പ്രദായത്തിന്റെ പ്രധാന കണ്ണികളാണ്. 75 ശതമാനം ചരക്കു ഗതാഗതവും 85 ശതമാനം യാത്രക്കാരുടെ പങ്കാളിത്തവും ഇവയിലൂടെയാണ്. കേരളത്തിന് വളരെ സാന്ദ്രമായ റോഡുസംവിധാനമുണ്ട്. ദേശീയ ശരാശരിയേക്കാൾ ഇത് ഏതാണ്ട് 3 മടങ്ങ് അധികമാണ്. സംസ്ഥാനത്തെ 1,52,000 കിലോമീറ്റർ റോഡ് ശൃംഖലയിൽ പ്രധാനറോഡ് ശൃംഖല ഏതാണ്ട് 80% റോഡു ഗതാഗതവും മുഖ്യധാരയിലുള്ള സാമ്പത്തിക പ്രവർത്തനങ്ങളും നടക്കുന്ന 1500 കി. മീറ്റർ ദേശീയ ഹൈവേയും (NH) ഏതാണ്ട് 4300 കി.മീറ്റർ സംസ്ഥാന ഹൈവേയും (SH) 28,300 കി.മീറ്റർ പ്രധാന ജില്ലാതല റോഡുകളും (MDR) ഉൾക്കൊള്ളുന്നു. സംസ്ഥാന ഹൈവേയും (SH) പ്രധാന ജില്ലാതല റോഡുകളും (MDR) പ്രധാനമായും കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും കെട്ടിടങ്ങളും ചെയ്യുന്ന വിഭാഗമാണ്. (R&BD) ദേശീയ ഹൈവേ നിയന്ത്രിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ്

ഇന്ത്യയും (NHAI) റോഡ് ഗതാഗത ഹൈവേ മന്ത്രാലയവും സംയുക്തമായി റോഡ്സ് & ബിൽഡിംഗ്സ് ഡിവിഷന്റെയും ദേശീയ ഹൈവേയുടെയും യൂണിറ്റുകളിലൂടെയാണ്.

## പ്രളയത്തിന്റെ അനന്തരഫലം

റോഡുകളുടെയും കെട്ടിടങ്ങളുടെയും വിഭാഗത്തിന്റെ പ്രാഥമികവും രണ്ടാം ഘട്ടത്തിലെയും വിവരശേഖരത്തിന്റെ അടിസ്ഥാനത്തിൽ ഈയിടെയുണ്ടായ പ്രളയത്തിൽ ഏതാണ്ട് 2004 കി.മീറ്റർ സംസ്ഥാന ഹൈവേയും 13,246 കി.മീറ്റർ ജില്ലാതല റോഡുകളും വിവിധ പ്രകാരത്തിലുള്ള നാശനഷ്ടങ്ങൾക്കിടയായതായി കണ്ടെത്തിയിരിക്കുന്നു. ദേശീയ ഹൈവേ വിഭാഗം ഏതാണ്ട് 580 കിലോമീറ്ററോളം ദേശീയ ഹൈവേക്ക് നാശമുണ്ടായതായി കണക്കാക്കിയിരിക്കുന്നു. പ്രളയാനന്തര വിശകലനങ്ങൾ സൂചിപ്പിക്കുന്നത് കുന്നുകളുടെ ജില്ലകളായ ഇടുക്കി, വയനാട്, പത്തനംതിട്ട, പാലക്കാട് എന്നീ നാലു ജില്ലകളിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലമാണ് കനത്ത നാശനഷ്ടങ്ങളുണ്ടായതെന്നാണ്. എന്നാൽ ആലപ്പുഴ, തൃശൂർ, എറണാകുളം, കോഴിക്കോട്, മലപ്പുറം, കൊല്ലം, കോട്ടയം എന്നീ ഏഴു ജില്ലകളിൽ പെട്ടെന്നുണ്ടാകുന്ന വെള്ളപ്പൊക്കം, മണ്ണൊലിപ്പ്, വെള്ളം കെട്ടിക്കിടക്കൽ തുടങ്ങിയ വെള്ളപ്പൊക്കത്താൽ പ്രേരിതമായ കെടുതികളാണുണ്ടായത്. തിരുവനന്തപുരം, കണ്ണൂർ, കാസർകോട് ജില്ലകളിലെ റോഡുകൾക്ക് ചെറിയ തോതിലുള്ള തകരാറുകൾ മാത്രമാണുണ്ടായത്.

## നാശനഷ്ടങ്ങളെക്കുറിച്ചുള്ള അപഗ്രഥനം

സംസ്ഥാനഹൈവേയുടെ (SH) 1090 കി.മീറ്ററും ജില്ലാതലറോഡുകളുടെ (MDR) 6,527 കി.മീറ്ററും ചെറിയ തോതിലുള്ള നാശനഷ്ടങ്ങൾക്കു മാത്രമാണ് വിധേയമായത് (സൂചനയിലെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞില്ല). ഉറവിടങ്ങളിൽ കൂടുതലായി ആവശ്യമായി വരുന്നത് ഒട്ടിക്കലും താങ്ങ് കൊടുത്തുകൊണ്ടുള്ള അറ്റകുറ്റപ്പണികളും പരിമിതമായ ജീർണാവശിഷ്ടങ്ങൾ നീക്കലുമാണ്. സംസ്ഥാന ഹൈവേയുടെ 734 കി.മീറ്ററും ജില്ലാതല റോഡുകളുടെ 6463 കി.മീറ്ററും ഭാഗികമായോ പൂർണമായോ തകരാറുകളുണ്ടായി (സൂചനയിലെ ഉറവിടം ലഭ്യമല്ല). ഇതു അഴുക്കു ചാലുകളുടെ മുകൾ ഭാഗത്തിന്റെ പുനഃസ്ഥാപനവും നിയന്ത്രിതമായ അറ്റകുറ്റപ്പണികളും മറ്റു സംരക്ഷണ നടപടികളും ആവശ്യമാക്കുന്നു. സംസ്ഥാന ഹൈവേയുടെ 175 കി. മീറ്ററും ജില്ലാതല റോഡുകളുടെ 256 കി.മീറ്ററും മുഴുവനായി തകർന്നിട്ടുണ്ട് (സൂചനയിലെ ഉറവിടം ലഭ്യമല്ല) ഇതിന് ആഴത്തിലുള്ള തറയുടെ പുനർനിർമാണവും, അഴുക്കുചാലുകളുടെ പ്രാധാന്യത്തോടെയുള്ള അറ്റകുറ്റപ്പണികളും/ പുനർനിർമാണവും കുറുകെയുള്ള അഴുക്കുചാലുകളുടെ ചരിവുസംരക്ഷണപ്രവർത്തനങ്ങളും പരിമിതമായ റോഡ് ഉയർത്തലും, പുതിയ കുറുകെയുള്ള ഓടകളുടെ സംരംക്ഷണപ്രവർത്തനങ്ങളും ആവശ്യമാണ്.

## പുനർനിർമാണവും പൂർവസ്ഥിതിയിലാക്കലും സംബന്ധിച്ച ആവശ്യങ്ങൾ

(ഹ്രസ്വവും മധ്യമവുമായ കാലയളവിൽ)

ആവശ്യങ്ങളുടെ കണക്കെടുപ്പുപ്രകാരം മൊത്തത്തിൽ 455 കി.മീറ്റർ റോഡുകൾ (179 കി.മീ എസ്.എച്ചിലും 256 കി.മീ എം.ഡി.ആറിലും) മുഴുവനായി തകരാറിലാവുകയും പുനർനിർമാണം അത്യാവശ്യമായി തീരുകയും ചെയ്തിട്ടുണ്ട്. രണ്ടു പ്രധാന പാലങ്ങളും 208 ചെറിയ പാലങ്ങളും 208 ഓവു പാലങ്ങളും 20 കി.മീ നീളത്തിലുള്ള സംരക്ഷണഭിത്തിയും 39 കി.മീ റോഡ് സൈഡിലുള്ള ഡ്രെയിനേജും മുഴുവൻ തകർന്നിട്ടുണ്ട്. ഇതിനുകണക്കാക്കിയിട്ടുള്ള ഏകദേശം 2603 കോടി ഇന്ത്യൻ രൂപയും (അമേരിക്കൻ ഡോളർ 372 ദശലക്ഷം) ഈ തകർന്ന എസ്.എച്ചും എം.ഡി.ആർ-ഉം പുനർനിർമിക്കുന്നതിനായി ആവശ്യമായി വരുന്നതാണ്. ഈ തുകയിൽ പൂർവസ്ഥിതിയിൽ ആക്കുന്നതിനുള്ള ജോലികൾക്കുള്ള സംഖ്യയും ഉൾപ്പെടുന്നു. ഇതിൽ 62 കി.മീ നീളത്തിൽ റോഡ് ഉയർത്തുന്നതും 157 പുതിയ ഓവു പാലങ്ങളുള്ള 142 കി.മീ നീളത്തിൽ പുതിയ ചരിവ് സംരക്ഷിക്കുന്ന നിർദ്ദിഷ്ട നടപടികളും ഉൾപ്പെടുന്നു. പാലങ്ങളുടെയും ഓവു പാലങ്ങളുടെയും നിർമാണത്തിന് മുൻഗണന നൽകേണ്ടതും തൊട്ടു പിന്നിലായി കുന്നിൻ ചരിവിനു സംരക്ഷണം നൽകുന്നതും വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷണം നൽകുന്നതുമായ പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകേണ്ടതുമാണ്.

DRAFT

**അടിയന്തിരപദ്ധതി**

ഈ സാഹചര്യത്തിൽ സംസ്ഥാനസർക്കാർ 45 ദശലക്ഷം അമേരിക്കൻ ഡോളറിന്റെ പുനർവിന്യാസം നിലവിലുള്ള KSTP II ൽനിന്നും കേരളത്തിന്റെ പുനർനിർമാണസംരംഭത്തിന്റെ ഭാഗമായി (RKI) റോഡുകളുടെ നിർമാണത്തിനായി ആവശ്യപ്പെട്ടു. ഇതിന്റെ നിർണായക പ്രാധാന്യം പ്രളയാനന്തരം പുനർനിർമാണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു(LSGD) പോലുള്ള സർക്കാർ ഏജൻസിയെ ഈ പദ്ധതിയുടെ നിർവഹണ ചുമതല വഹിക്കാനായി ഏൽപ്പിക്കുക എന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് (LSGD) അതിനുകീഴിലുള്ള റോഡുകളുടെ പുനർനിർമാണവും താഴെപ്പറയുന്ന വിധത്തിൽ നടപ്പാക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള (a) റോഡുകളുടെ നിർമാണം, പുനഃസ്ഥാപനം/മെച്ചപ്പെടുത്തൽ (b) പദ്ധതിയുടെ ദൈനംദിനമുള്ള നടപ്പാക്കലിന് സഹായം നൽകൽ.

## പ്രധാനമന്ത്രിയുടെ ഗ്രാം സഡക് യോജന (PMGSY)

ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ PMGSY (ഇന്ത്യൻ റോഡ് കോൺഗ്രസ് (IRS) പ്രസിദ്ധീകരണം IRC :SP: 20-2002 റൂറൽ റോഡ്സ് മാന്വൽ (RRM) ഗ്രാമീണ റോഡുകളുടെ വികസനത്തിന് വിവിധതലങ്ങളിൽ പ്രത്യേകിച്ച് PMGSYയുടെ ആവശ്യകതയെക്കുറിച്ച് മാർഗനിർദേശം നൽകുന്നു. ഇതുകൂടാതെ പദ്ധതിയെക്കുറിച്ചുള്ള റഫറൻസ് ഗ്രന്ഥത്തിൽ (OM) PMGSY യുടെ വിവിധ സവിശേഷതകളെക്കുറിച്ച് വ്യക്തത വരുത്തുന്ന വിവരങ്ങൾ അടങ്ങിയിരിക്കുന്നു. PMGSYയുടെ ആസൂത്രണത്തിനും നടത്തിപ്പിനുമിടയിലെ പാരിസ്ഥിതികവും സാമൂഹികവുമായ പ്രശ്നങ്ങളെക്കുറിച്ച് വിലയിരുത്തലും നിർവഹണവും നടത്തുമ്പോൾ പാരിസ്ഥിതികവും സാമൂഹികവുമായ നിർവഹണ ചട്ടക്കൂട് (ESMF) തയാറാക്കുന്നു. ഇങ്ങനെ ചെയ്യുന്നത് നിലവിലുള്ള സുരക്ഷിത ഉപകരണങ്ങളെ വിലയിരുത്തിയാണ് (ഒന്നാം ഗ്രാമീണ റോഡ് പദ്ധതിയും (RRPI) രണ്ടാംറോഡ് പദ്ധതിയും നടപ്പാക്കിയതിൽ ഉപയുക്തമാക്കിയത്. ESMF താഴെപ്പറയുന്ന സുരക്ഷിത ഉപകരണങ്ങൾ ഉൾക്കൊള്ളുന്നതാണ് (1) സാമൂഹികനിർവ്വഹണ ചട്ടക്കൂട് (SMF) (2) പാരിസ്ഥിതിക പരിശീലന ചട്ടങ്ങൾ (ECOP).

തദ്ദേശ സ്വയംഭരണവകുപ്പിന് സാമൂഹികസുരക്ഷാരേഖകൾ നടപ്പാക്കിയ പരിജ്ഞാനമുണ്ട്. പുനർരൂപീകരിക്കപ്പെട്ട പദ്ധതി നഗരഗ്രാമപ്രദേശങ്ങൾ ഉൾക്കൊള്ളുന്നു. ഇത് വയനാട്, ഇടുക്കി എന്നീ രണ്ടു ഗോത്രജില്ലകളെ കേന്ദ്രീകരിക്കുന്നു. അതുകാരണം OP 4.12 ഉത്തേജിപ്പിക്കപ്പെടുകയും തൊഴിലാളികളുടെ തള്ളിച്ചയും ലിംഗാടിസ്ഥാനത്തിലുള്ള അക്രമങ്ങളുമായി ബന്ധപ്പെട്ട അപകടസാധ്യത കുറയ്ക്കാൻ കഴിയുകയും ചെയ്യും. ഇതിന് സുരക്ഷാനടപടികൾ നവീകരിക്കേണ്ടതുണ്ട്.

# 2.0 RPF - TDF

### 2.1 പുനഃസ്ഥാപിക്കലും പുനരധിവാസവും സംബന്ധിച്ച പ്രശ്നങ്ങൾ

റോഡുനിർമാണം നിലവിലുള്ള റവന്യുപാതയിൽത്തന്നെ തുടരും. നിലവിലുള്ള പാതയുടെ വീതി നിർദ്ദിഷ്ട മെച്ചപ്പെടുത്തലിന് എല്ലായ്പ്പോഴും പര്യാപ്തമാകണമെന്നില്ല. ആയതിന് കൂടുതൽ ഭൂമി ആവശ്യമുണ്ട്. പുതിയ കൂടിച്ചേരലിനൊപ്പം ഭൂമിയുടെ വീതിയിലുള്ള വർധനവും അത്യാവശ്യമാണ്. പ്രത്യേകിച്ചും നിലവിലുള്ള ട്രാക്ക് ആവശ്യമായ ഗുണനിലവാരത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുന്നത് നിർദ്ദിഷ്ട റോഡ് നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ലഭ്യമാക്കേണ്ടത് സംസ്ഥാനസർക്കാരിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ ഉത്തരവാദിത്വമാണെന്നാണ്.

നിലവിലുള്ള മാർഗത്തിലൂടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് ആ സ്ഥലം പ്രളയക്കെടുതി ബാധിച്ച പ്രദേശമാണെങ്കിൽ പുനഃസ്ഥാപനം ഏറ്റവും ചെറിയതോതിലാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഏറ്റവും ചെറിയ തോതിലുള്ളതാണെങ്കിലും പദ്ധതിയിലെ സാമൂഹികവും പുനഃസ്ഥാപനപരവുമായ സ്വാധീനം പുനഃസ്ഥാപനത്തിന്റെ വ്യക്തിപരമായ ഘട്ടത്തിൽ ഒരു ചട്ടക്കൂടിന്റെ ആവ

ശ്യകത എടുത്തുകാട്ടുന്നു. ഈ പുനഃസ്ഥാപനപരമായ ചട്ടക്കൂടിന്റെ നയം - ഗോത്രവർഗവികസന ചട്ടക്കൂട് (RPF - TDF) അടങ്ങിയിരിക്കുന്നത് പുനഃസ്ഥാപനത്തിന്റെ ആസൂത്രണവും അർഹതയുടെ മാനദണ്ഡങ്ങളും കണക്കാക്കണമെന്നതാണ്. ഈ RPF - TDF സൂചിപ്പിക്കുന്നത്. പ്രതികൂലമായ സാമൂഹിക-സാമ്പത്തികഘടകങ്ങളെ കുറയ്ക്കുന്നതിനും മയപ്പെടുത്തുന്നതിനും സ്വീകരിക്കേണ്ട തത്വങ്ങളെയും സമീപനങ്ങളെയും കുറിച്ചാണ്.

RPF - TDF സാമൂഹികനിർവഹണ പദ്ധതി വ്യക്തമാക്കുന്നത് സമൂഹത്തെ ഇടപെടുവിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അഥവാ കർത്തവ്യങ്ങൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയാണ്. ഇതുവഴി PAPs/PAFs ലുള്ള പ്രതികൂലഘടകങ്ങൾ കുറയ്ക്കുന്നതിനു കഴിയും. ഈ പ്രവർത്തനങ്ങൾക്കുത്തരവാദികളായ ഏജൻസികളുടെ സമയപരിധിയും പ്രതികൂല ഘടകങ്ങളും നിയന്ത്രിക്കുന്നതിനും കഴിയും.

RPF - TDF ന്റെ പ്രത്യേക അർഹതാമാനദണ്ഡം വിശദമാക്കുന്നത് പ്രതീക്ഷിക്കുന്ന നഷ്ടത്തിന്റെ ഇനം, അവയുടെ നിലവിലുള്ളതും നിർദ്ദിഷ്ടമായതുമായ കുറവുവരുത്തുന്നതിനുള്ള നടപടികളെക്കുറിച്ചാണ്.

പദ്ധതി നിർവഹണ യൂണിറ്റ് (PIU) പഞ്ചായത്തീരാജ് സ്ഥാപനങ്ങളുമായും (PRIs) ഗ്രാമ-നഗര ജില്ലാതലങ്ങളിൽ മുനിസിപ്പാലിറ്റികളുമായും ഒത്തുചേർന്ന് സാമൂഹികപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നു. ഈ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി സ്ഥാപനാടിസ്ഥാനത്തിലും സംഘടനാടിസ്ഥാനത്തിലുമുള്ള പ്രവർത്തനങ്ങൾ ചട്ടക്കൂടിന്റെ ഭാഗമായി വിശദമാക്കിയിട്ടുണ്ട്.

### 2.2 പുനഃസ്ഥാപനം ആസൂത്രണം ചെയ്യൽ

പദ്ധതിയുടെ വിവിധഘട്ടങ്ങളിലെ പുനഃസ്ഥാപനപ്രവർത്തനങ്ങളെ സംബന്ധിച്ച് പട്ടിക 2.1 ലും 2.2 ലും വിവരിച്ചിട്ടുണ്ട്.

### തിരഞ്ഞെടുത്ത റോഡുകളെക്കുറിച്ചുള്ള വിവരം പ്രചരിപ്പിക്കൽ

അവസാനമായി തിരഞ്ഞെടുത്ത റോഡുകളുടെ പ്രധാനസവിശേഷതകൾ ജില്ലാപഞ്ചായത്തിലെയും മുനിസിപ്പാലിറ്റികളിലെയും ഗ്രാമപഞ്ചായത്തിലെയും നഗരവാർഡുകളിലെയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇതിൽ ഉൾക്കൊള്ളിക്കേണ്ടത്: (എ) ജില്ലയിലെ/ബ്ലോക്കിലെ റോഡുകളെക്കുറിച്ചുള്ള മാപ്പ്. (ബി) പ്രയോജനം ലഭിച്ച വില്ലേജുകളുടെയും പട്ടണങ്ങളുടെയും ലിസ്റ്റ്. (സി) ഇടനാഴിയുടെ നീളം.

### പദ്ധതികളെക്കുറിച്ചുള്ള വിവരം പ്രചരിപ്പിക്കൽ

റോഡുകൾ തിരഞ്ഞെടുത്തശേഷം അവസാന വിന്യാസത്തിനുമുമ്പ് ഓരോ ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും പദ്ധതിയെക്കുറിച്ചുള്ള അവലോകനം ഉൾക്കൊള്ളുന്ന ബ്രോഷർ നിർദ്ദിഷ്ട റോഡുകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്. അനുബന്ധം 1-ൽ പദ്ധതിയെക്കുറിച്ചുള്ള വിവരമടങ്ങിയ ഒരു പാക്കേജ്, പദ്ധതി നിർവഹണത്തിന്റെ ഓരോ ഘട്ടത്തിലും പ്രദർശിപ്പിക്കേണ്ടതാണ്. അനുബന്ധം 1-ലെ ഫോർമാറ്റ് 2 വിവരിക്കുന്നത് ഗ്രാമീണ ജനതയ്ക്കിടയിൽ വിതരണം ചെയ്യേണ്ട ബ്രോഷറിനെക്കുറിച്ചാണ്. ഇതിൽ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകണം. വിവരങ്ങളുടെ പ്രചാരണം തീർച്ചയായും (1) പദ്ധതിസംബന്ധമായ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണമുണ്ടാക്കും (2) പദ്ധതിയെക്കുറിച്ചുള്ള ജനങ്ങളുടെ പ്രതീക്ഷകൾ വ്യക്തമായി കാണിക്കും (ഗുണഭോക്താക്കൾക്കുള്ള സഹായധനത്തിന്റെ രീതി ഉൾപ്പെടെ).

### വിന്യാസത്തിന് അന്തിമരൂപം നൽകൽ

വിന്യാസത്തിന് അന്തിമരൂപം നൽകുന്നത് സമൂഹത്തിന്റെ ആസൂത്രണത്തിലൂടെയാണ്. ഈ സമൂഹത്തിൽ ഗ്രാമീണസമൂഹവും ഉൾപ്പെടുന്നു; വില്ലേജ്/പട്ടണ/വാർഡുതല സർക്കാർ സംവിധാനം അതായത്, ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റികളും. നിർദ്ദിഷ്ട വിന്യാസത്തിന്റെ നിർവഹണമേഖലകൾ ആസൂത്രണം ചെയ്യുന്നത് പദ്ധതി നിർവഹണയൂണിറ്റാണ് (PIU). ഗ്രാമപഞ്ചായത്തുകളുമായും മുനിസിപ്പാലിറ്റികളുമായും ഗ്രാമത്തിലെയും പട്ടണത്തിലെയും റവന്യൂ, വനം വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തിയുമാണ് ഇതു ചെയ്യുന്നത്. സമൂഹത്തിലേക്കുള്ള നടത്ത

ത്തിന്റെ പ്രവർത്തനരീതി അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്. ചർച്ച ചെയ്യേണ്ട പ്രശ്നങ്ങൾ ഫോർമാറ്റ് 5-ലെ വിശദീകരണപാക്കേജിലും (അനുബന്ധം 1) കൊടുത്തിട്ടുണ്ട്. വിന്യാസത്തിന് അന്തിമരൂപം കൊടുക്കുന്നത് റോഡ് സുരക്ഷിതത്വം എന്ന ഘടകത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടും നടപ്പാതയുടെ ഭാവിവികസനത്തിന്റെ സാധ്യത പരിഗണിച്ചിട്ടുമാണ്. സാമൂഹികനടത്തത്തിന്റെ രേഖകൾ പദ്ധതിനിർവഹണയൂണിറ്റ് (PIU) റവന്യൂമാപ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്. സമൂഹത്തിന്റെ എല്ലാ പ്രശ്നങ്ങളും നിർദ്ദേശങ്ങളും പ്രതികരണങ്ങളും രേഖപ്പെടുത്തുകയും ഗ്രാമപഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ നടത്തം കൊണ്ട് സാധ്യമാകുന്നത്:

1. വിന്യാസത്തിന്റെ അന്തിമതീർപ്പ് സമൂഹത്തിന്റെ ആസൂത്രണത്തിലൂടെ അതായത്, സമൂഹവുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നു. ഏതെങ്കിലും രൂപരേഖ നിർബന്ധമുണ്ടെങ്കിൽ അതിനെക്കുറിച്ച് ബോധവൽക്കരിക്കുക.
2. സംയുക്തമായി സ്ഥലത്തെത്തി പട്ടിക തയ്യാറാക്കുക വിന്യാസത്തെക്കുറിച്ച് വിശദപരിശോധന നടത്തുക.
3. അടിത്തട്ടിലുള്ള ദുരിതങ്ങൾ കണ്ടെത്തുകയും അതിനു പരിഹാരം കണ്ടെത്തുകയും ചെയ്യൽ.
4. ഭൂമിയും വസ്തുവകകളും കൈമാറ്റം ചെയ്യുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിക്കൽ.
5. മുറിപ്പെടാൻ സാധ്യതയുള്ള പദ്ധതിമൂലം വിഷമിച്ച ജനങ്ങളെ, PAP കളെ തിരിച്ചറിയൽ.
6. പദ്ധതി, വിന്യാസം ഭൂമി/കെട്ടിടം/സമൂഹത്തിന്റെ സംഭാവന തുടങ്ങിയവ സ്വീകരിക്കൽ.

## ബാധിച്ച വ്യക്തികളുമായി ചർച്ച ചെയ്യൽ

ഒരാഴ്ചയ്ക്കുള്ളിൽ പദ്ധതി നിർവഹണ യൂണിറ്റ് (PIU), ഗ്രാമപഞ്ചായത്ത് (GP) മുനിസിപ്പാലിറ്റി നിർബന്ധമായും ഒരു യോഗം വിളിച്ചുകൂട്ടുകയും ഇതു ബാധിച്ച വ്യക്തികളുടെ ആശങ്കകൾ എന്തുകൊണ്ട് പദ്ധതിരേഖയിൽ ഉൾപ്പെടുത്തി/ഉൾപ്പെടുത്തിയില്ല എന്ന കാര്യത്തിൽ ആശയവിനിമയം നടത്തണം. ചർച്ചയുമയി ബന്ധപ്പെട്ട യോഗത്തിന്റെ ഘടനയും അത് റിക്കോർഡ് ചെയ്യുന്നതിന്റെ മാതൃകയും അനുബന്ധം 3-ൽ കൊടുത്തിട്ടുണ്ട് (വിവരവ്യാപനത്തിന് അനുബന്ധം 1 നോക്കുക). ഉൾപ്പെടുത്താത്ത ആശങ്കകൾക്ക് പ്രാധാന്യം നൽകി എന്തുകൊണ്ടാണ് അങ്ങനെ ചെയ്തതെന്ന് വിശദീകരിക്കേണ്ടതാണ്. ജനങ്ങൾക്ക് പ്രതികരിക്കാൻ അവസരം നൽകേണ്ടതാണ്. പദ്ധതി രേഖയിൽ താഴെപ്പറയുന്ന വിവരങ്ങൾക്ക് പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കേണ്ടതാണ്.

1) ഇനം തിരിച്ചുള്ള വിവരണം, പദ്ധതിച്ചെലവ്, നിർമ്മാണം സംബന്ധിച്ച പട്ടിക.
2) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാവാനിടയുള്ള പ്രശ്നങ്ങൾ.
3) ആവശ്യമായ ഭൂമിയുടെ വിസ്തൃതിയും ലഭ്യതയും.
4) സമൂഹത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾക്കൊള്ളിച്ച് രൂപരേഖയുടെ രൂപാന്തരണം.
5) ഭൂമി/സ്വത്ത് കൂട്ടിച്ചേർക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമം (MoU/Affidavit) ധാരണാപത്രം/ സത്യവാങ്മൂലം).
6) ദുർബലരായ സംഘങ്ങൾക്ക് അർഹമായത് ലഭ്യമാക്കൽ.
7) ദുർബലരായ വ്യക്തികൾക്ക് അർഹമായത് വിതരണം ചെയ്യൽ.
8) നിർമാണ പ്രവർത്തനങ്ങൾക്കിടയിൽ സുരക്ഷാപരമായും ആരോഗ്യപരമായുമുള്ള പരിഗണന നൽകൽ.
9) നിർമാണമേഖലയിലെ തൊഴിൽഭൂമിയുടെ താൽക്കാലിക വകമാറ്റം തുടങ്ങി പ്രാദേശിക സമൂഹത്തിനാവശ്യമുള്ള അസംസ്കൃതവസ്തുക്കൾ മുതലായവ.

## ബാധിച്ച വ്യക്തികളുടെ രൂപരേഖ (Project Affected People)

തിരിച്ചറിഞ്ഞ PAP കളെക്കുറിച്ച് പദ്ധതിനിർവഹണയൂണിറ്റ് ഒരു സെൻസസ് സർവേ ഏറ്റെടുക്കണം. ഓരോ വീട്ടിലും അതു ചെലുത്തുന്ന ശക്തിയുടെ അങ്ങേയറ്റത്തോളം മനസ്സിലാക്കണം. അനുബന്ധം 4 PAP യെക്കുറിച്ചുള്ള സെൻസസ് സർവേയെക്കുറിച്ച് ഒരു ചോദ്യാവലി നൽകുന്നുണ്ട്. പൂർണരൂപത്തിലുള്ള ഒരു സെൻസസ് നടത്തേണ്ടത് പ്രധാനമായും ബാധിക്കപ്പെട്ട, നിർദിഷ്ട

(Row) വഴിയുടെ അധികാരത്തി(Right of way) നുള്ളിൽ പദ്ധതിനിർവഹണയൂണിറ്റ് ഗ്രാമപഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റികളുടെയും സഹായത്തോടെയാണ്. ഇത് ജനസംഖ്യാപരമായ ഒരു അവലോകനം നൽകുകയും സ്വത്തും ഉടമസ്ഥാവകാശവും ജീവിതമാർഗങ്ങളും ഉൾക്കൊള്ളുകയും ചെയ്യും. സെൻസസ്കൊണ്ട് ദുർബലരായ, പദ്ധതിമൂലം വിഷമമനുഭവിച്ച ജനങ്ങളെ (PAP) തിരിച്ചറിയാനും അതിലൂടെ സഹായം ആവശ്യമുള്ളവയുടെ കണക്കെടുക്കാനും കഴിയും.

**ദുർബലമായ പദ്ധതിമൂലം വിഷമമനുഭവിച്ച ജനങ്ങളെ തിരിച്ചറിയൽ**

പദ്ധതി ലക്ഷ്യമിടുന്നത് ദുർബലരായ സംഘങ്ങൾക്ക് പിന്തുണയും സഹായവുമാണ്. ദുർബലത വിലയിരുത്തുന്നത് ഇതുമൂലം ബാധിച്ച വ്യക്തികളെക്കുറിച്ച് പദ്ധതി നിർവഹണയൂണിറ്റ് നടത്തുന്ന സെൻസസിന്റെ അടിസ്ഥാനത്തിലാവണം. താഴെപ്പറയുന്ന വിഭാഗം പദ്ധതിമൂലം ബുദ്ധിമുട്ടിയ ജനങ്ങൾക്ക് ദുർബലരെന്ന നിലയിൽ സഹായം ഉറപ്പാക്കണം.
1) BPL കുടുംബങ്ങൾ (മതിയായ തെളിവിന്റെ അടിസ്ഥാനത്തിൽ) സംസ്ഥാനത്തിന്റെ ഗ്രാമ/നഗര പ്രദേശങ്ങളിലെ ദാരിദ്ര്യരേഖയുടെ അടിസ്ഥാനത്തിൽ.

2) BPL കുടുംബങ്ങൾ മതിയായ തെളിവില്ലെങ്കിലും താഴെപ്പറയുന്ന വിഭാഗത്തിൽ വരുന്നവർ (1) സ്ത്രീകൾ ഗൃഹനാഥകളും വരുമാനമുള്ള ഒരേയൊരു അംഗമായിരിക്കുകയും ചെയ്യുക (2) പട്ടികജാതി/പട്ടികവർഗം (3) അംഗവൈകല്യമുള്ള വ്യക്തി താഴെപ്പറയുന്ന ഏതെങ്കിലും അവശത അനുഭവിക്കുമ്പോൾ (a) ആകെയുള്ള കൈവശാവകാശ ഭൂമിയുടെ 10% ത്തിലധികം നഷ്ടപ്പെടുമ്പോൾ (മൊത്തം കൈവശാവകാശഭൂമിയെന്നതിൽ പദ്ധതിമൂലം ബുദ്ധിമുട്ടിലായ വ്യക്തി മറ്റേതെങ്കിലും സ്ഥലത്ത് കൈവശംവച്ച ഭൂമിയുംപെടും) (b) അഭയസ്ഥാനം നഷ്ടപ്പെടുമ്പോൾ (c) ജീവസന്ധാരണ മാർഗം നഷ്ടപ്പെടുമ്പോൾ.

**R& R പ്രശ്നങ്ങൾ വിശദമായ പദ്ധതി റിപ്പോർട്ടിൽ (DPR) സംയോജിപ്പിക്കൽ**

റോഡിനുവേണ്ടിയുള്ള രേഖ സാമൂഹികപ്രശ്നങ്ങളോട് പെട്ടെന്നു പ്രതിപ്രവർത്തിക്കുമെന്നതിനാൽ സാമൂഹിക പരിഗണനയ്ക്കുള്ള സംഗതികൾ അതിൽ ഉൾച്ചേർന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിശദമായ പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെടുത്തിവേണം അത് അംഗീകാരത്തിനായി STA യ്ക്ക് സമർപ്പിക്കേണ്ടത്.

1) സാധാരണജനങ്ങളുമൊത്തുള്ള നടത്തത്തിന്റെ ഫലം.
2) സമൂഹവുമായുള്ള ഔപചാരികമായ ചർച്ച (യോഗം) യുടെ നടപടിക്രമങ്ങൾ.
3) പദ്ധതിമൂലം ബുദ്ധിമുട്ടിയ ജനങ്ങളോടുള്ള സെൻസസ് ചോദ്യാവലികൾ.
4) പിന്തുണയ്ക്കു ലഭ്യമാകുന്ന അർഹതപ്പെട്ട വ്യക്തികളുടെ ലിസ്റ്റ്.

**ഭൂമികൈമാറ്റ പ്രക്രിയയും അർഹതയുള്ളവരെ കണ്ടെത്തലും പരസ്യപ്പെടുത്തൽ**

ഭൂമി കൈമാറ്റം ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമം ഇടനാഴിയുടെ പേര്, തുക, സാധ്യതയുള്ള നിർമാണപ്പട്ടിക, പദ്ധതി ബാധിക്കുന്ന ജനങ്ങളുടെ ലിസ്റ്റ് അർഹതയുടെ മാനദണ്ഡം, അർഹതയുള്ള വ്യക്തികൾ തുടങ്ങിയ പദ്ധതി സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കണം. ഈ വിവരങ്ങൾ പ്രദർശിപ്പിക്കേണ്ടത് ചുമർ പെയിന്റ്, പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവയിലൂടെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി ഓഫീസിലും അതുപോലെ പ്രധാനപ്പെട്ട സ്ഥലങ്ങളായ സ്കൂളുകൾ, കടകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതലായവയിലുമാണ് (അനുബന്ധം 1 കാണുക).

DRAFT

**ഇഷ്ടദാനപത്രം (ധാരണാപത്രം/സത്യവാങ്മൂലം) ഭൂവുടമകളായ വ്യക്തികൾ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കും (PRI)/മുനിസിപ്പാലിറ്റിക്കും സമർപ്പിക്കൽ**

ഭൂമി ഏറ്റെടുക്കൽ ഭൂമിദാനത്തിലൂടെ നടക്കുന്ന സംസ്ഥാനങ്ങളിൽ ഓരോ ഭൂമിയുടെ പൊതിയും (പദ്ധതിയിൽ ബാധിക്കാനിടയുള്ളത്) ധാരണാപത്രത്തിലൂടെയോ സത്യവാങ്മൂലത്തിലൂടെയോ ഉള്ള ഒരു ഇഷ്ടദാനപത്രം ഭൂവുടമകളുടെയും പദ്ധതി നിർവഹണ യൂണിറ്റ് അഥവാ സർക്കാരും തമ്മിൽ ഉണ്ടാവണം (അനുബന്ധം 5 ന്റെ കൂടിചേർക്കൽ). ഇഷ്ടദാനപത്രിക/ ധാരണാപത്രം/ സത്യവാങ്മൂലം ഭൂവുടമകളിൽനിന്നുശേഖരിക്കുകയും അത് പദ്ധതി നിർവഹണയൂണിറ്റിന് സമർപ്പിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് (PRI) ആണ്. ഭൂവുടമ, പരിഗണനയിലുള്ള ഭൂമിയുടെ നിയമപരമായ അവകാശിയാണെന്ന് ഉറപ്പുവരുത്തുവാൻ ഉടമസ്ഥാവകാശം തെളിയിക്കുന്ന ഒരു കോപ്പി പദ്ധതിനിർവഹണ യൂണിറ്റിന് തീർച്ചയായും ലഭിച്ചിരിക്കണം. അത്തരം ഒരു പിന്തുണയ്ക്കുന്ന ഒരു തെളിവിന്റെ അഭാവത്തിൽ വില്ലേജ് അധികാരി ഉടവസ്ഥാവകാശത്തിന്റെ തെളിവ് സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്. ഇഷ്ടദാനപത്രിക എല്ലാ ബാധിക്കപ്പെട്ട അംഗങ്ങളിൽനിന്നും പദ്ധതിനിർവഹണ യൂണിറ്റിന് ലഭിച്ചശേഷം മാത്രമേ കരാർ നടപടികൾ തുടങ്ങാവൂ.

**പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെയും സമൂഹങ്ങളുടെയും പങ്കാളിത്തം**

പ്രാദേശിക സർക്കാർ (ഗ്രാമപഞ്ചാത്ത്) ഓരോ പദ്ധതിയുടെയും വിവിധ ഘട്ടങ്ങളിൽ സാമൂഹിക തലത്തിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടക്കൂടിൽ വ്യക്തമാക്കിയപോലെ പദ്ധതിയുടെ വിവിധഘട്ടങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം ആവശ്യമാണ്. പങ്കാളിത്ത ചട്ടക്കൂട് ലക്ഷ്യമാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ / മുനിസിപ്പാലിറ്റികളുടെ, സമൂഹത്തിന്റെ പദ്ധതി ബാധിച്ച ജനങ്ങളുടെ, പദ്ധതി നിർവഹണ യൂണിറ്റുകളിലെ മറ്റ് ഏജൻസികളുടെ പങ്കാളിത്തം പദ്ധതിയുടെ മുൻഗണനാക്രമം നിശ്ചയിക്കുമ്പോഴും പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും നിയന്ത്രിക്കുമ്പോഴും അത്യാവശ്യമായി ഉറപ്പുണ്ടായിരിക്കണമെന്നതാണ്. പദ്ധതിനിർവഹണ യൂണിറ്റ് സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ബാധ്യസ്ഥമാണ്. ഇത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തുടങ്ങിയവയിലൂടെയാണ് നടപ്പാക്കേണ്ടത്. പങ്കാളിത്തം ഉറപ്പാക്കുന്നത് ഗ്രാമീണരുമായും നഗരവാസികളുമായുമുള്ള ഇടപെടലിലൂടെ മാത്രമല്ല, പദ്ധതിയുമായി ബന്ധപ്പെട്ട പ്രധാനവിവരങ്ങൾ വെളിവാക്കിക്കൊണ്ടും പദ്ധതിയിലെ ചുമതലകളെക്കുറിച്ച് ഓർമിപ്പിച്ചുകൊണ്ടും കൂടിയാണ് (അനുബന്ധം 1 – ൽ കൊടുത്തിട്ടുണ്ട്).

**ഭൂമി കൈമാറ്റത്തിന്റെ പ്രവർത്തനരീതി**

ഭൂമി ലഭ്യതയ്ക്ക് സംഭാവന ഒരു മാനദണ്ഡമായി സ്വീകരിക്കുന്ന സംസ്ഥാനങ്ങളിൽ സമൂഹവുമായി ഇടപെടുന്നതിലൂടെ സുതാര്യമായ ഒരു കൈമാറ്റം ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ ചട്ടക്കൂടിൽ പദ്ധതിമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവരെയും ഉൾപ്പെടുത്തണം. ചർച്ചയിൽ ഭൂമികൈമാറുന്നതിനുള്ള ഭൂവുടമയുടെ സമ്മതം നേടിയെടുക്കേണ്ടതുണ്ട്. ആവശ്യമെങ്കിൽ പഞ്ചായത്തിലൂടെയോ മുനിസിപ്പാലിറ്റിയിലൂടെയോ ഭൂവുടമയെ അദ്ദേഹത്തിന്റെ സ്വത്ത് സംഭാവന ചെയ്യുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്. പദ്ധതിയിൽ ബാധിക്കുന്ന ഓരോ ഭൂമി സംബന്ധിച്ചും ഇഷ്ടദാനപത്രികയോ, ധാരണപത്രമോ, സത്യവാങ്മൂലമോ ഭൂവുടമയും പദ്ധതിനിർവഹണയൂണിറ്റും തമ്മിലോ ഭൂവുടമയും സർക്കാരും തമ്മിലോ ഉണ്ടാകേണ്ടതാണ്. എല്ലാ ഭൂവുടമകളിൽ നിന്നും ഇഷ്ടദാനപത്രികയോ ധാരണപത്രമോ സത്യവാങ്മൂലമോ ശേഖരിക്കേണ്ടതും അത് പദ്ധതിനിർവഹണ യൂണിറ്റിന് സമർപ്പിക്കേണ്ടതും പഞ്ചായത്തീരാജ് (PRI) സ്ഥാപനങ്ങളുടെ ചുമതലയാണ്. പരിഗണനയിലുള്ള ഭൂമി, ഭൂവുടമയുടെ നിയമപരമായ അധികാരത്തിൻ കീഴിലാണെന്ന് ഉറപ്പുവരുത്തുന്നതിന് ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിനുള്ള തെളിവ് പദ്ധതിനിർവഹണ യൂണിറ്റ് ലഭ്യമാക്കേണ്ടതാണ്. അത്തരം തെളിവിന്റെ അഭാവത്തിൽ അധികാരപ്പെട്ടയാൾ ഉടമസ്ഥാവകാശത്തെക്കുറിച്ച് സൂക്ഷ്മപരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

കരാർ ഒപ്പിടുന്നത് ബാധിക്കപ്പെട്ട വ്യക്തികളിൽനിന്ന് ഇഷ്ടദാനപത്രിക/ ധാരണാപത്രം/ സത്യവാങ്മൂലം മുതലായവ പദ്ധതിനിർവഹണയൂണിറ്റിന് ലഭ്യമാക്കിയശേഷമായിരിക്കണം. അവ്യ

ക്തമായ ആധാരങ്ങളും മറ്റുമുള്ള ഭൂവുടമകൾ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാതെ വരുമ്പോൾ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെയും (sarpanch ഉം മറ്റംഗങ്ങളും ) മുനിസിപ്പാലിറ്റി (ചെയർമാൻ) റവന്യു ഉദ്യോഗസ്ഥരും സമൂഹവും ഭൂവുടമയുടെ ഉടമസ്ഥാവകാശം പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

പദ്ധതിനിർവഹണയൂണിറ്റ് EPs നെ RD പദ്ധതികളിൽ അംഗമാക്കുന്നകാര്യം സുഗമമാക്കുന്നു - പ്രക്രിയയെക്കുറിച്ചും പട്ടികയെക്കുറിച്ചും മറ്റു വിശദാംശങ്ങളും മുൻകൂട്ടി വിവരം വെളിപ്പെടുത്തിക്കൊണ്ട് (വിശദാംശങ്ങൾ അനുബന്ധം 1 ൽ) കൊടുത്തിട്ടുണ്ട്. ആഭ്യന്തര പിന്തുണയുള്ള പ്രവർത്തനരീതിയിലൂടെ അർഹമായത് വിതരണം ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെയും അതിലെ അംഗങ്ങളുടെയും ഉത്തരവാദിത്വമാണ്.

## പരമ്പരാഗതവും ജന്മാവകാശമുള്ളതുമായ ഭൂമി ഉൾപ്പെടുന്ന സന്ദർഭത്തിലുള്ള അനന്തരഫലം.

ഭൂമികൈമാറ്റത്തിന്റെ സംസ്ഥാനങ്ങളിലേക്കും കേന്ദ്രത്തിലേക്കും നിയമപരമായ ഘടകങ്ങൾ പരിഗണിക്കേണ്ടതാണ്. ഭൂമി കൈമാറ്റത്തിന്റെ പ്രക്രിയയിൽ വിവിധവിഭാഗം ഭൂമിയിൽ മാമൂൽ പ്രകാരം ഗോത്രവർഗക്കാർക്കുള്ള അവകാശം പരിഗണിക്കേണ്ടതാണ്. ഉത്തരവാദിത്വം തീർച്ചയായും എ.ഇ മാരുടേതും /ജെ.ഇ മാരുടേതും (പദ്ധതി നിർവഹണയൂണിറ്റിലെ) വില്ലേജു തലത്തിലുള്ള പഞ്ചായത്ത് അംഗങ്ങളുടെയും മുനിസിപ്പാലിറ്റികളിലെ അംഗങ്ങളുടേതുമാണ് ; ജീവിതമാർഗത്തിന്റെ നഷ്ടവും പ്രാദേശികസമൂഹത്തിന് അത് എത്രത്തോളം ആശ്രയത്വമുണ്ടാക്കുമെന്ന കാതലായ പ്രശ്നത്തിന്റെ കണക്കെടുപ്പ് ചർച്ചകളിലൂടെ നടത്തുക എന്നത്.

### ഗോത്രവികസനത്തിന്റെ ചട്ടക്കൂട്

സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മാർഗനിർദ്ദേശതത്വങ്ങളിലും അതുപോലെ വിവിധ പദ്ധതികളും നയങ്ങളും പട്ടികവർഗക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. ഇന്ത്യാഗവണ്മെന്റ് സംസ്ഥാനസർക്കാരുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും നിലവിലുള്ള നിയമങ്ങൾക്ക് ശക്തമായ ചട്ടങ്ങളും ഭേദഗതികളും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ നടത്തുന്നത് സംസ്ഥാനസർക്കാരുകളെ പട്ടികവർഗക്കാരെ വികസനപദ്ധതികളുമായി ബന്ധപ്പെട്ട് അവർ അനുഭവിക്കുന്ന പ്രശ്നങ്ങളെ മൃദുവായി സമീപിക്കാനും ഉദ്ദേശിച്ചാണ്. കൂടാതെ സംസ്ഥാനസർക്കാരുകൾ അനുയോജ്യമായ നിയമനിർമാണങ്ങൾ എവിടെയെല്ലാം സാധ്യമാണോ അവിടെയെല്ലാം പ്രയോഗത്തിൽ വരുത്താനും അതുപോലെ ആവശ്യമായ നിയമപരവും ഭരണപരവുമായ ക്രമീകരണങ്ങൾ പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക സാഹചര്യങ്ങളിൽ നൽകി അവരെ സഹായിക്കാനും വേണ്ടിയാണ്.

നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ധാരാളം നിബന്ധനകളും സാധ്യതകളും പട്ടികവർഗക്കാരുടെ ലക്ഷ്യങ്ങൾ നിറവേറ്റാനായി ഭരണപരമായ ചട്ടക്കൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നി

രുന്നാലും ഇതിനെ പുനരുദ്ധാരണ പദ്ധതികളുമായി അതിന്റെ വിവിധഘട്ടങ്ങളിൽ ബന്ധിപ്പിക്കുന്നതിനായി ഗോത്രവർഗങ്ങൾക്കു മാത്രമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട് (പട്ടിക 2.2). ഗോത്രവർഗവികസന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് ഗോത്രവർഗ്ഗക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനു പര്യാപ്തമായ ആസൂത്രണവും നടപ്പിലാക്കലും ഉറപ്പുവരുത്തുകയാണ്. ഇത് ശ്രദ്ധ ചെലുത്തേണ്ടത് പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും മാമൂൽ സമ്പ്രദായപ്രകാരമുള്ള തീരുമാനമെടുക്കുന്നതിലാണ്. ഇത് സ്വതന്ത്രമായ മുൻകൂട്ടി അറിയിച്ച ചർച്ച എന്ന പരമ്പരാഗത ജനങ്ങളുമായുള്ള പ്രവർത്തനനയവുമായി യോജിച്ച് പോവുന്നതാവണം.

### 2.3 ആഘാതങ്ങളും അർഹമാക്കലുകളും

ആർ.പി.എഫ് - ടി.ഡി.എഫ് താഴെപ്പറയുന്ന വിഭാഗം ആഘാതങ്ങൾ ( ടി പട്ടിക 2.3 മുതൽ 2.7 ക്ക്) പദ്ധതിമൂലം സാധ്യതയുണ്ട് എന്നു കാണുന്നു. അത് ഭൗതികമായ സ്ഥാനമാറ്റത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല.

**വ്യക്തമായ ഉടമസ്ഥാവകാശരേഖകളുണ്ടെങ്കിലും, വ്യക്തതയില്ലാത്ത പ്രമാണങ്ങളുള്ള ഭൂവുടമകൾ ഉൾപ്പെടെയുള്ളവർ**

ഭൂവുടമയ്ക്ക് വ്യക്തതയില്ലാത്ത പ്രമാണങ്ങൾ കൈവശമുണ്ടാവുകയോ ഉടമസ്ഥാവകാശ രേഖ സമർപ്പിക്കാൻ കഴിയാതെ വരികയോ ചെയ്താൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളും (സർപഞ്ചും മറ്റ് അംഗങ്ങളും) മുനിസിപ്പാലിറ്റികളും (ചെയർമാൻ) റവന്യൂ ഉദ്യോഗസ്ഥരും സമൂഹവും ഇടപെടുകയും ആ ഉടമസ്ഥന്റെ ഭൂമിയുടെയോ സ്വത്തിന്റെയോ ഉടമസ്ഥാവകാശം പരിശോധിക്കുകയും വേണം. ആഘാതം സംഭവിച്ച വിഭാഗങ്ങൾക്കുവേണ്ടി സ്വീകരിക്കേണ്ട നിർദ്ദിഷ്ട നടപടികളെക്കുറിച്ച് താഴെപ്പറയുന്ന ഖണ്ഡങ്ങളിൽ വിശദമാക്കിയിട്ടുണ്ട്.

**ഭൂമി:** കഴിയുന്നിടത്തോളം, നിർദ്ദിഷ്ട ജോലികൾ ലഭ്യമായ ഭൂവിസ്തൃതിയിൽ നടത്തേണ്ടതാണ്. മതിയായ ഭൂവിസ്തൃതിയുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യമിടുന്നത് ബാധിച്ച ഭൂവുടമകളിൽ നിന്നുമുള്ള സംഭാവനകളിലൂടെയോ ഭൂമി ഏറ്റെടുക്കലിലൂടെയോ നഷ്ടപരിഹാരത്തിലൂടെയോ പുനഃസ്ഥാപനത്തിലൂടെയോ പുനരധിവാസത്തിലൂടെയോ (RFCTLAR & R ACT 2013, സംസ്ഥാനത്തിന്റെ R&R നയം 2017, OP 4.10 ഉം 4.12 ഉം അനുസരിച്ചും) ഭൂമി കണ്ടെത്തുകയാണ്.

പദ്ധതി, ഭൂമിയില്ലാത്തവർക്ക് പകരം ഭൂമി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നു. പദ്ധതിമൂലം ഭൂമി നഷ്ടമായവരെ കൂടാതെ പകരം ഭൂമി നൽകുന്നവരുടെ കൂട്ടത്തിൽ 10 ശതമാനമോ അതിലധികമോ ഭൂമി നഷ്ടമായ ദുർബലരായ വ്യക്തികളെയും ജനങ്ങളെയും പി.എ.പികളെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഉൾപ്പെടുത്തും. ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിലെയോ മുനിസിപ്പാലിറ്റികളിലെയോ വരാൻ പോകുന്ന വികസനപ്രക്രിയകളുടെ ഗുണഭോക്താക്കളായി അവരെ ഉൾപ്പെടുത്തും.

**വീടും അഭയവും:** നിർദ്ദിഷ്ട റോഡുകളുടെ രൂപരേഖ തയ്യാറാക്കേണ്ടത് ഘടനയിലുണ്ടാകാനിടയുള്ള തകരാറുകൾ ഒഴിവാക്കുന്നതിനാവശ്യമാണ്. അങ്ങനെയാകുമ്പോൾ വീടുകളുടെയോ അഭയസ്ഥാനത്തിന്റെയോ നഷ്ടത്തിന് സാധ്യത കുറവാണ്. ഘടനയ്ക്ക് ഭാഗികമായ നഷ്ടമുണ്ടാവുമ്പോൾ അതുബാധിച്ച ഭൗതികമായ സ്ഥാനമാറ്റമില്ലാതിരിക്കുമ്പോൾ കൂടുതൽ സ്വത്തിന് നല്ല മാർഗം, ജനങ്ങളെ ആ സ്ഥലത്തുനിന്നും മാറുവാൻ സഹായിക്കലാണ്. ഇത്തരം സംഗതികളിൽ വ്യക്തികൾക്കും സമൂഹത്തിനും ഉണ്ടായ നഷ്ടം പരിഹരിക്കാൻ ഇഷ്ടദാനത്തിലൂടെ സ്വത്തുകൈമാറുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. ഭൗതികമായ സ്ഥാനമാറ്റം ആവശ്യമായി വരുന്ന സംഗതികളിൽ പദ്ധതിമൂലം ബാധിച്ച വ്യക്തികളുമായി ചർച്ച ചെയ്ത് അനുയോജ്യമായ സ്ഥലത്ത് ഭൂമി കണ്ടെത്തേണ്ടതാണ്. അത്തരം ഭൂമി ലഭ്യമല്ലാത്ത സാഹചര്യത്തിൽ പദ്ധതിമൂലം ബാധിച്ച വ്യക്തി കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ഭവനനിർമാണപദ്ധതികളുടെ ഗുണഭോക്താവായി ഉൾപ്പെടുത്താൻ അർഹനാണ്.

**മറ്റു സ്വത്തുക്കൾ:** ചെറിയ തോതിലാണെങ്കിലും പദ്ധതിയിൽ മറ്റു സ്വത്തുക്കൾ (കിണറുകൾ, മരങ്ങൾ മുതലായവ) കൂടി ഉൾക്കൊള്ളുന്നു. സമ്മതത്തോടെയുള്ള സ്വത്തുക്കളുടെ കൈമാറ്റം ഇഷ്ടദാനപത്രികയിലൂടെയോ, ധാരണപത്രത്തിലൂടെയോ, സത്യവാങ്മൂലത്തിലൂടെയോ പദ്ധതി സ്വീകരിക്കണം. ദുർബലരായ സംഘത്തിന്റെ സ്വത്തുക്കളുടെ നഷ്ടം പദ്ധതി നികത്താൻ സഹായിക്കുന്നത് അവയെ സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. പദ്ധതി നിർവഹണ യൂണിറ്റ് പൊതുസ്വത്തുക്കളുടെ (കിണർ, അമ്പലങ്ങൾ തുടങ്ങിയ) സ്ഥാനമാറ്റത്തിന്റെ കാര്യത്തിൽ സാങ്കേതികസഹായം ഗ്രാമപഞ്ചായത്തിലൂടെയും മുനിസിപ്പാലിറ്റികളിലൂടെയും സമൂഹത്തിലൂടെയും നൽകുന്നു.

**ആധികാരികരേഖയില്ലാത്തവർ:** പദ്ധതി പ്രദേശത്തുനിന്നും ആധികാരിക രേഖയില്ലാത്തവരെ (നുഴഞ്ഞുകയറുന്നവരും കുടിയേറ്റക്കാരും) ഒഴിവാക്കുന്നത് നിയമനടപടികളിലൂടെയാണ്. പദ്ധതി നിർവഹണയൂണിറ്റ് ഒരു മാസത്തെ നോട്ടീസ് നൽകി ആധികാരികരേഖയില്ലാത്തവരോട് അവരുടെ സ്വത്തുക്കൾ/നിലവിലുള്ള വിളകൾ എന്നിവ നീക്കം ചെയ്യാൻ ആവശ്യപ്പെടണം. ആധികാരികരേഖയില്ലാത്തവർ ദുർബലവിഭാഗത്തിൽപ്പെടുന്നവരാണെങ്കിൽ അവരെ പുനരധിവാസത്തിന്റെ അർഹതാമാനദണ്ഡമനുസരിച്ചു സഹായിക്കണം.

### ഭൂമിയുടെ അവകാശം:

പരമ്പരാഗതവും ജന്മസിദ്ധവുമായ അവകാശത്തിന്റെ കാര്യത്തിൽ സമാന്തരമായ നിയമനടപടികൾ ഭൂമികൈമാറ്റത്തിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ടതാണ്. ജീവിതമാർഗങ്ങളെ ബാധിക്കുന്ന അവസ്ഥയും ഈ ഭൂമിയിലുള്ള ആശ്രിതത്വവും കണക്കാക്കുന്നത് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ തുടങ്ങിയവ നടത്തുന്ന ചർച്ചകളിലൂടെയാണ്. പകരം സ്ഥലം നഷ്ടപരിഹാരമായി പഞ്ചായത്തുകളിലൂടെയോ മുനിസിപ്പാലിറ്റികളിലൂടെയോ നൽകണം. പദ്ധതിപ്രദേശത്തുള്ള ദുർബലവിഭാഗ

ങ്ങളുടെ ജീവിതമാർഗത്തെ ബാധിക്കുമ്പോൾ അവർക്ക് പകരം ജീവിതമാർഗം ലഭ്യമാക്കാൻ സഹായിക്കേണ്ടതാണ്. ജീവിതമാർഗത്തിൽ/അഭയകേന്ദ്രത്തിൽ നിർമാണ പ്രവർത്തനങ്ങൾക്കിടയിൽ അപ്രതീക്ഷിതമായി വന്നുചേരുന്ന കൂടുതലായുള്ള തടസ്സങ്ങൾ.

പദ്ധതിപ്രദേശത്ത് പദ്ധതിമൂലം നേരിട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങളെ കൂടാതെ റോഡ് നിർമാണത്തിനിടയിൽ കുന്നിൻചെരിവിലെ കെട്ടിടങ്ങൾക്കും തകരാറുകൾ സംഭവിക്കാം. ഇങ്ങനെയുണ്ടാകുന്ന നഷ്ടം നികത്താൻ കോൺട്രാക്ടർ ചെരിവ് സുരക്ഷിതമാക്കുന്ന നടപടികൾ താങ്ങുമതിൽകെട്ടി ചെയ്യേണ്ടതാണ്. ഇത്തരം നടപടികൾ സ്വീകരിച്ചില്ലെങ്കിൽ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റികളുടെയും സഹായത്തോടെ പദ്ധതിനിർവഹണയൂണിറ്റ് പകരം അഭയകേന്ദ്രങ്ങൾ തയാറാക്കേണ്ടതാണ്.

## നിർമാണപ്രവർത്തനത്തിനിടയിലുള്ള താൽക്കാലിക തടസ്സങ്ങൾ

താൽക്കാലികതടസ്സങ്ങളിൽ ട്രാഫിക് തടസ്സങ്ങൾ വീടുകൾക്കും കടകൾക്കും മറ്റുമുണ്ടാകുന്ന ആക്രമണങ്ങൾ ഉയർന്ന ശബ്ദമലിനീകരണം പൊടിശല്യം, മണ്ണ് നീങ്ങൽ, തൊട്ടടുത്ത സ്ഥലത്തിന് വലിയ യന്ത്രങ്ങൾമൂലമുണ്ടാകുന്ന തകരാറ് ഇവ പെടുന്നു. ഭാരമുള്ള യന്ത്രങ്ങളുടെ ഉപയോഗസമയം നിയന്ത്രിക്കലും, പൊടിനിയന്ത്രിക്കലും ട്രാഫിക്കിന്റെ സമയങ്ങളിൽ നിർമാണപ്രവർത്തനങ്ങൾ നിയന്ത്രിക്കലും (രാവിലെയും വൈകുന്നേരവും) കോൺട്രാക്ടറുടെ ഉത്തരവാദിത്വമാണ്. നിർമാണത്തിനിടയിൽ കെട്ടിടങ്ങൾക്കുള്ള കേടുപാടുകൾക്കുള്ള തുക കോൺട്രാക്ടർ വഹിക്കേണ്ടതാണ്. നിർദ്ദിഷ്ടപാതയ്ക്കുവെളിയിലുള്ള ഭൂമിയുടെ എല്ലാ താൽക്കാലിക ഉപയോഗവും എഴുതപ്പെട്ട സമ്മതപത്രത്തോടെ വേണം/ഭൂവുടമയുടെയോ പഞ്ചായത്തിന്റെയോ സമ്മതം വേണം. പഞ്ചായത്തിന്റേതായി ചർച്ച നടത്തി കോൺട്രാക്ടർ നിർമാണമേഖല കണ്ടെത്തേണ്ടത് ആതിഥേയ സമൂഹവുമായി ഒരു ഏറ്റുമുട്ടലുണ്ടാകാതിരിക്കാൻ ആവശ്യമാണ്. സമൂഹത്തെവിശ്വാസത്തിലെടുത്ത് അവരുമായി ചർച്ച നടത്തി അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് ലഘുലേഖയിലൂടെയും ബ്രോഷറിലൂടെയും ഗ്രാമപഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും സഹായത്തോടെ കോൺട്രാക്ടർ വിശദമാക്കേണ്ടതാണ്.

# പട്ടിക 2.1 ആസൂത്രണം – സാധാരണജനവിഭാഗം

| ഘട്ടം | കർത്തവ്യം | നോഡൽ ഏജൻസി | പങ്കാളിത്തം/ പിന്തുണ | സമയ ക്രമം | ലക്ഷ്യ ഗ്രൂപ്പ് | നടപ്പാക്കുന്നത് | റിമാർക്സ് |
|---|---|---|---|---|---|---|---|
| | 1. വിവരം പ്രസിദ്ധീകരിക്കലും സമൂഹത്തെ സംവേദന ക്ഷമമാക്കലും – മുൻക്രമീകരണവും തീർപ്പാക്കലും | പി.ഐ.യു പദ്ധതി നിർവഹണ യൂണിറ്റ് (എ.ഇ/ജെ.ഇ സാമൂഹ്യയൂണിറ്റ്) | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾ ഗോത്രസമിതികൾ | ഡി.പി.ആർ തയാറാക്കുന്നതിന്റെ ആദ്യത്തെ ആഴ്ച | സമൂഹം | ഡി.പി. ഐ.യു (സാമൂഹ്യങ്ങൾ) | പ്രതികരണം ലഭ്യമാക്കൽ പ്രത്യേകിച്ചും സ്ത്രീകളുടെയും ദുർബലവിഭാഗങ്ങളുടെയും |
| | 3. ക്രമീകരണങ്ങൾ തീർപ്പാക്കൽ സമൂഹത്തിലൂടെയുള്ള നടത്തം നിർദ്ദിഷ്ട റോഡിന്റെ താൽക്കാലിക ക്രമീകരണം റവന്യൂ മാപ്പിൽ സൂപ്പറായി നിവേശിപ്പിച്ചത്.<br>• സമൂഹത്തിലൂടെയുള്ള നടത്തം സംഘടിപ്പിക്കുക<br>• അവസാന ക്രമീകരണത്തിന്റെ വിവരം/പി.എ.പി. എസ്/പി.എ.എഫ്.എസ് ഗ്രാമസഭ/ വാർഡ് സഭ മുനിസിപ്പാലിറ്റികളിൽ പ്രാദേശികഭാഷയിൽ | പി.ഐ.യു സി. എ.ഇ/ജെ.ഇ (സാമൂഹ്യ യൂണിറ്റ്) | ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റികൾ ഗോത്രസമിതികൾ എൽ.ആർ.ഡി പി.എച്ച്.ഇ.ഡി കാട് | ഡി.പി.ആർ തയാറാക്കുന്നതിന്റെ ആദ്യ മാസം | സമൂഹം | ഡി.പി. ഐ.യു (സാമൂഹ്യ സെൽ) | ലിസ്റ്റിൽ ലഭ്യമാക്കേണ്ട ഭൂമിയുടെ കൃത്യമായ .....കേടുപാടുകൾ സംഭവിക്കാവുന്ന കെട്ടിടങ്ങൾ മുതലായവ |
| | 4. പി.എ.പി.എസ്/പി.എ.എഫ്.എസ് ഇവരുടെ സെൻസസ് സാമൂഹ്യ – സാമ്പത്തിക സർവേ കുടുംബതലത്തിൽ സംഘടിപ്പിക്കുക. | പി.ഐ.യു (സാമൂഹ്യ യൂണിറ്റ്) | ജി.പി/മുനിസിപ്പാലിറ്റികൾ/ ഗോത്ര അധിവാസ പ്രദേശം | ക്രമീകരണങ്ങൾ പൂർത്തിയായ ശേഷം | പി.എ.പി. എസ്/പി. എ.എഫ്. എസ് | ഡി.പി. ഐ.യു/സാമൂഹ്യ യൂണിറ്റ് | |

DRAFT

| | | | | | | | |
|---|---|---|---|---|---|---|---|
| | 5. ദുർബലരായ പി.എ.പി കളെ കണ്ടെത്തുക | | | | | | |
| പദ്ധതിയുടെ ആസൂത്രണവും രൂപരേഖയും | 5.a. ലഘൂകരിക്കുന്നതിനുള്ള പദ്ധതി<br>പി.എ.പികളുമായി ലഘൂകരണ നടപടികളെക്കുറിച്ച് യോഗം വിളിച്ച് ചർച്ച ചെയ്യൽ<br>6. അറിവ് വർധിപ്പിക്കാനായി ചർച്ചകൾ നടത്തുക, ഭൂമി ഏറ്റെടുക്കലും ദാനം ചെയ്യലും സംബന്ധിച്ച്<br>.c. ഭൂമിയുടെ വില കണക്കാക്കുക/മറ്റു കെട്ടിടങ്ങൾ (സ്വകാര്യ ഭൂമിയിലുള്ള കൃഷി ഉൾപ്പെടെ) ആവശ്യമനുസരിച്ച്<br>d. വ്യക്തികളുടെ അർഹത<br>e. പി.എ.പികളുടെ ലിസ്റ്റ് പ്രദർശിപ്പിക്കുക. നഷ്ടങ്ങളുടെ തോത് - അർഹത പിന്തുണ | പി.ഐ.യു (സാമൂഹിക യൂണിറ്റ്)<br>ജി.പി/ മുനിസിപ്പാലിറ്റികൾ ഗോത്ര വർഗ മേഖലകൾ | LRD<br>PWD<br>ജില്ലാ RD/SW/ WCD ഓഫീസർമാർ | ഡി.പി.ആർ തയാറാക്കുന്നതിന്റെ രണ്ടാം മാസം | സമൂഹത്തിലെ പി.എ.പികൾ/പി.എ.എഫ്.എസ് | ഡി.പി.ഐ.യു (സാമൂഹ്യ സെൽ) | ഭൂമി ലഭ്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുക ബന്ധപ്പെട്ട അധികാരികളിൽനിന്നും എല്ലാ ഉപപദ്ധതികൾക്കും |
| സ്ഥലം തയാറാക്കൽ | 6. ഭൂമി കൈമാറ്റം/ നിയമപ്രക്രിയകൾ<br>a. ഭൂമി കൈമാറ്റം പി.എ.പികളിൽ നിന്നും പി.എ.എഫുകളിൽ നിന്നും തീർപ്പാക്കുക. സത്യവാങ്മൂലം തയാറാക്കുക/ തീറാധാരം ഉടമ്പടിക്കു മുമ്പ്<br>b. ഭൂമികൈമാറ്റത്തിന്റെ നിയമനടപടികൾ ആരംഭിക്കുക. | പി.ഐ.യു (സാമൂഹ്യ യൂണിറ്റ്)<br><br>എൽ.ആർ.ഡി (ഭൂനികുതി വകുപ്പ്) | GP ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റികൾ ഗോത്രവർഗ്ഗ മേഖലകൾ ജില്ലാ സാമൂഹ്യ ക്ഷേമ/ WCD ഉദ്യോഗസ്ഥൻ | ഡി.പി.ആർ അംഗീകാരത്തിനു ശേഷം പദ്ധതി തയാറാക്കൽ | പി.എ.പികൾ പി.എ.എഫുകൾ | DPIU (സാമൂഹ്യ സെൽ LSGD) | |

DRAFT

| | | | | | | | |
|---|---|---|---|---|---|---|---|
| | c. കെട്ടിടത്തിന് സ്ഥാനം കണ്ടെത്തുക/പൊതുസ്വത്ത്<br>d. അധികാരാവകാശം കൈമാറുകയും പുനഃസ്ഥാപനത്തിനും ഗവ.പദ്ധതികൾക്കും പിന്തുണ നൽകുകയും - ബി.പി.എൽ വർക്ക് തുടങ്ങുന്നതിനു മുമ്പ് | | | | | | |
| നിർമാണവും നിർമാണ ശേഷവും | 7. പരാതി പരിഹാരം/ലഘൂകരണ നടപടികൾ<br>a. അപ്രതീക്ഷിതമായ ഘടകങ്ങൾ/ പരാതികൾ അന്വേഷിക്കൽ<br>b. സംഭവസ്ഥലത്തു തന്നെ വിലയിരുത്തലും രൂപരേഖയുണ്ടാക്കലും<br>c. തീരുമാനങ്ങൾ കൈമാറുക | പദ്ധതി നിർവഹണ യൂണിറ്റ് PIU (സാമൂഹ്യ യൂണിറ്റ്) | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ LRD (Land Revenue Dept) SRRDA മറ്റുവകുപ്പുകൾ | പദ്ധതിയുടെ ചാക്രികാവസ്ഥയിൽ മുഴുവനായി | സമൂഹം PAP കളും PAF കളും | DPIU (സാമൂഹ്യ സെൽ) പൊതുമരാമത്തു വകുപ്പ് | പ്രവർത്തനം ആവശ്യമെങ്കിൽ ജില്ലാ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുക. (ഏഴു ദിവസങ്ങൾക്കുള്ളിൽ) DPIU തദ്ദേശഭരണവകുപ്പിന് റിപ്പോർട്ട് നൽകുക (5 ദിവസങ്ങൾക്കുള്ളിൽ) |
| | 8. നിരീക്ഷിക്കൽ<br>a. കർത്തവ്യം ഒന്നു മുതൽ നാലു വരെയുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുക.<br>b. DPIU തദ്ദേശസ്വയംഭരണവകുപ്പിന് എല്ലാ പ്രക്രിയകളും നൽകുക.<br>c.മൂന്നു മാസത്തിനുള്ളിലുള്ള റിപ്പോർട്ട് | PIU (സാമൂഹ്യ യൂണിറ്റ്) | ഗ്രാമപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ ഗോത്രവിഭാഗങ്ങളുടെ കേന്ദ്രങ്ങൾ PIU സാമൂഹ്യ യൂണിറ്റ് എൻ.ജി.ഒകൾ | പദ്ധതിയുടെ ചാക്രികാവസ്ഥയിൽ മുഴുവനും ഇടവിട്ടുള്ള ഇടങ്ങൾ ഇടവേളയും എല്ലാ നാലാം മാസവും | | സാമൂഹ്യ യൂണിറ്റ് | തുടക്കത്തിൽ ആഴ്ചകളിലും പിന്നീട് മാസത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുക |

DRAFT

| | | | | | | | |
|---|---|---|---|---|---|---|---|
| | 9. സമൂഹത്തിന്റെ പ്രതികരണം സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ പ്രത്യേകിച്ച് പി.എ.പികൾക്കിടയിൽ സ്വീകരിച്ച നടപടികളെക്കുറിച്ചും നിർമാണത്തിന്റെ ഗുണത്തെക്കുറിച്ചും സർവേ നടത്തുക. | PIU സാമൂഹ്യയൂണിറ്റ് | GP/VC<br>LRD<br>LSGD ഉദ്യോഗസ്ഥർ | തീരുമാനിക്കുന്നത് തദ്ദേശസ്വയം ഭരണ വകുപ്പ് | | തദ്ദേശ സ്വയം ഭരണ വകുപ്പ് | പദ്ധതിയുടെ പ്രവർത്തനകാലത്ത് എല്ലാ മൂന്നു മാസത്തിലും |
| **ചുരുക്കെഴുത്ത്:** DPIU ജില്ലാതല പദ്ധതി നിർവഹണയൂണിറ്റ്; LRD ഭൂനികുതിവകുപ്പ് MM മഹിളാ മണ്ഡൽ MOU ധാരണാപത്രം LSGD തദ്ദേശ സ്വയം ഭരണവകുപ്പ് PD പദ്ധതിയുടെ ഡയറക്ടർ, PAF പദ്ധതി ബാധിച്ച കുടുംബങ്ങൾ, PAP പദ്ധതി ബാധിച്ച വ്യക്തികൾ PIU പദ്ധതി നിർവഹണ യൂണിറ്റ് PRI പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, SW സാമൂഹ്യക്ഷേമം, WCD സ്ത്രീകളുടെയും കുട്ടികളുടെയും വികസനം. | | | | | | | |

DRAFT

## പട്ടിക 2.2 പുനരധിവാസ ആസൂത്രണം - ഗോത്രവിഭാഗം ജനങ്ങൾ

| ഘട്ടം | കർത്തവ്യം | നോഡൽ ഏജൻസി | പങ്കാളിത്തം/ പിന്തുണ | സമയ ക്രമം | ലക്ഷ്യ ഗ്രൂപ്പ് | നടപ്പാക്കുന്നത് | റിമാർക്സ് |
|---|---|---|---|---|---|---|---|
| | 1. വിവരം പ്രസിദ്ധപ്പെടുത്തലും സമൂഹത്തെ സംവേദനക്ഷമമാക്കലും - മുൻക്രമീകരണവും തീർപ്പാക്കലും<br>• ഗോത്രവർഗക്കാരെക്കുറിച്ച് വിവരം ശേഖരിക്കൽ (മാമൂൽ നിയമങ്ങൾ ഉൾപ്പെടെ)<br>• സംസ്ഥാനത്തിന്റെ ഗോത്രനിയമങ്ങൾ തിരിച്ചറിയൽ<br>• വിവരം പ്രസിദ്ധപ്പെടുത്തൽ<br>• ഗോത്രസമൂഹത്തെ സംവേദനക്ഷമമാക്കൽ<br>• നാടോടി മാധ്യമത്തിലൂടെ<br>• ഗോത്രനേതാവിനൊപ്പം ഗ്രൂപ്പ് ചർച്ച നടത്തൽ<br>• ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ മുനിസിപ്പാലിറ്റികൾ പൊതുവിളംബരം ചർച്ച/യോഗങ്ങൾ സമൂഹത്തിലൂടെയുള്ള നടത്തം സമയത്തെയും തീയതിയെയും കുറിച്ച് മുൻകൂട്ടി അറിയിക്കുക | പി.ഐ.യു പദ്ധതി നിർവഹണ യൂണിറ്റ് (സാമൂഹ്യയൂണിറ്റ്) | പദ്ധതി നിർവഹണ യൂണിറ്റ് ഗോത്രനേതാക്കളോടും സംസ്ഥാന ഗോത്ര ക്ഷേമ വകുപ്പിനോടും ചേർന്ന് നരവംശ ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തണം. | റോഡ് തെരഞ്ഞെടുത്ത ശേഷം | ഗോത്രസമൂഹം | ഡി.പി.ഐ.യു (സാമൂഹ്യ യൂണിറ്റ്) | സംസ്ഥാന ഗോത്രഗവേഷണ സ്ഥാപനത്തിന്റെ സഹായം വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പിന്തുണ യോഗത്തിന്റെ വിശദവിവരങ്ങൾ സമയം സമയ ക്രമം പങ്കെടുക്കുന്നവർ തുടങ്ങിയ പ്രക്രിയ രേഖപ്പെടുത്തൽ |

DRAFT

| | | | | | | | |
|---|---|---|---|---|---|---|---|
| | 2. വിന്യാസം തീർപ്പാക്കൽ/സമൂഹത്തിലൂടെയുള്ള നടത്തം.<br><br>• നിർദ്ദിഷ്ട രേഖകൾ റവന്യൂ മാപ്പിൽ<br>• കൂട്ടിച്ചേർത്തതിന്റെ താൽക്കാലികവിന്യാസം പ്രദർശിപ്പിക്കുക.<br>• സമൂഹത്തിലുള്ള നടത്തം സംഘടിപ്പിക്കുക.<br>• ഗോത്രവർഗ്ഗജനങ്ങളെ ഈ നടത്തത്തിൽ ഉൾപ്പെടുത്തുക.<br>• പരിപാവനമായ ഗോത്രവർഗ്ഗ പ്രദേശങ്ങളെയും ആത്മാക്കളുടെയും മരിച്ച മുൻഗാമികളുടെയും വിശ്രമസ്ഥാനങ്ങളും ഒഴിവാക്കുക. ഇതുകൂടാതെ ചെറുകിട വനവിഭവങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കുക.<br>• ഗോത്രവർഗക്കാരുടെ (പി.എ.എഫ്) നഷ്ടത്തിന്റെ കണക്കുകൾ രേഖപ്പെടുത്തിവയ്ക്കുക.<br>• അവസാന വിന്യാസത്തിന്റെ വിവരം പദ്ധതി ബാധിച്ച വ്യക്തികളുടെ/കുടുംബങ്ങളുടെ (PAP കളും PAF കളും) ലിസ്റ്റിനോടൊപ്പം മുനിസിപ്പാലിറ്റി വാർഡ് സഭ | PIU (AE/JE സാമൂഹ്യയൂണിറ്റ്) | GP/ മുനിസിപ്പാലിറ്റികൾ<br>LRD<br>PHED<br>Forest | DPR തയ്യാറാക്കുന്നതിന്റെ ആദ്യ മാസം | സമൂഹം | DPIU സാമൂഹ്യ യൂണിറ്റ് | ലിസ്റ്റിൽ കൂട്ടിച്ചേർക്കുന്ന ഭൂമിയുടെയും തകരാൻ സാധ്യതയുള്ള കെട്ടിടങ്ങളുടെയും കൃത്യമായ സംഖ്യ ഉണ്ടാവണം. |

DRAFT

| | | | | | | | |
|---|---|---|---|---|---|---|---|
| | കളിലും ഗ്രാമപഞ്ചായത്തിലും പ്രാദേശികഭാഷയിൽ പ്രദർശിപ്പിക്കുക, ഭൂവിസ്തൃതി വർധിപ്പിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തുക. | | | | | | |
| | 4. PAP കളും PAF കളുടെയും സെൻസസ് വീടുകളുടെ അടിസ്ഥാനത്തിൽ ഒരു സാമൂഹ്യ സാമ്പത്തിക സർവേ നടത്തുക. ദുർബലരായ PAP കളെ തിരിച്ചറിയുക. | PIU സാമൂഹ്യയൂണിറ്റ് | ഗ്രാമപഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ/ഗോത്രനേതാവ് | വിന്യാസം അന്തിമ രൂപം നൽകിയ ശേഷം | PAPs/PAFS | DIU (സാമൂഹ്യ സെൽ) | |
| പദ്ധതി ആസൂത്രണവും രൂപരേഖയും | 5. ലഘൂകരണ പദ്ധതി തയ്യാറാക്കൽ<br>a. PAP കളുമായി യോഗം ചേർന്ന് ലഘൂകരണ നടപടികളുടെ വിവരം ചർച്ച ചെയ്യുക.<br>b. അവബോധം സൃഷ്ടിക്കാനായി കൂടിയാലോചനായോഗം നടത്തുക/ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെക്കുറിച്ചും ഭൂമി ദാനം ചെയ്യുന്നത് സംബന്ധിച്ചും<br>c. ഭൂമിയുടെ വിലയും മറ്റു കെട്ടിടങ്ങളുടെ വിലയും കണക്കാക്കുക (സ്വകാര്യ ഭൂമിയിലെ നിലവിലുള്ള കൃഷി ഉൾപ്പെടെ) ആവശ്യം പോലെ.<br>d. വ്യക്തികളുടെ അർഹത വികസിപ്പിക്കുക. | PIU (സാമൂഹ്യയൂണിറ്റ്)<br>GP/VC | LRD<br>PWD<br>ജില്ലാ റവന്യൂ വകുപ്പ്/സാമൂഹ്യക്ഷേമം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഓഫീസർമാർ | DPR തയ്യാറാക്കുന്നതിന്റെ രണ്ടാം മാസത്തിൽ | സമൂഹം PAPs/PAFS | DPIU (സാമൂഹ്യ യൂണിറ്റ്) | ഭൂമി ലഭ്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് റവന്യൂ വകുപ്പിൽ നിന്ന് ഭൂമിയുടെ ഭരണം സംബന്ധിച്ച സ്ഥാപനത്തിൽ നിന്നും എല്ലാ ഉപപദ്ധതിക്കുമായി വാങ്ങുക. |

DRAFT

| | | | | | | | |
|---|---|---|---|---|---|---|---|
| | e. PAP കളുടെ ലിസ്റ്റ് നഷ്ടത്തിന്റെ അർഹത/പിന്തുണ ഇവയുടെ അടിസ്ഥാനത്തിൽ പ്രദർശിപ്പിക്കുക | | | | | | |
| സ്ഥലം തയ്യാറാക്കൽ | 6. ഭൂമികൈമാറ്റം/നിയമപരമായ പ്രക്രിയകൾ<br>a. ഭൂമി കൈമാറ്റം സംബന്ധിച്ച് PAP കളിൽ നിന്നും അന്തിമ തീർപ്പുണ്ടാക്കുക. സത്യവാങ്മൂലങ്ങൾ തയ്യാറാക്കുക. കരാർ PAF കളിൽ നിന്നും ഉറപ്പിക്കുന്നതിനുമുമ്പ് തീറാധാരം തയ്യാറാക്കുക.<br>b. ഭൂമി കൈമാറ്റത്തിനുള്ള നിയമനടപടികൾ ആരംഭിക്കുക.<br>c. കെട്ടിടങ്ങളും പൊതുസ്വത്തും വീണ്ടും കണ്ടെത്തുക.<br>d. അർഹമായത് കൈമാറുകയും സാധാരണ ജോലികൾ ആരംഭിക്കുന്നതിനുമുമ്പ് പുനഃസ്ഥാപനത്തിനും ഗവ.പദ്ധതികൾക്കും പിന്തുണ നൽകുക. | PIU (സാമൂഹ്യ യൂണിറ്റ്) LRD (ഭൂനികുതി വകുപ്പ്) | GP/ മുനിസിപ്പാലിറ്റികൾ/ഗോത്ര വർഗ മേഖലകൾ ഗോത്ര നേതാവ് ജില്ലാ സാമൂഹ്യ ക്ഷേമ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുള്ള ഉദ്യോഗസ്ഥൻ | DPR അംഗീകരിച്ച ശേഷം പദ്ധതി നിർവ്വഹണം | PAP കളും PAF കളും | DPIU (സാമൂഹ്യ സെൽ) | |
| | 7. പരാതി പരിഹാരം/ലഘൂകരണ നടപടികൾ<br>a. മുൻകൂട്ടി കാണാനാവാത്ത പ്രശ്നങ്ങൾ/പരാതികൾ പരിശോധിക്കൽ | PIU (സാമൂഹ്യ യൂണിറ്റ്) | ഗ്രാമപഞ്ചായത്ത്/ GP മുനിസിപ്പാലിറ്റികൾ/ഗോത്ര നേതാവ് | പദ്ധതിയുടെ കാലയളവിൽ മുഴുവനായി | സമൂഹം PAP കളും PIF കളും | DPIU (സാമൂഹ്യ യൂണിറ്റ്) | ജില്ലാപഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും റിപ്പോർട്ട് ചെയ്യാനാവശ്യമായ |


DRAFT

| | | | | | | | |
|---|---|---|---|---|---|---|---|
| നിർമാണവും നിർമാണശേഷവും | b. സംഭവസ്ഥലത്തു തന്നെ കണക്കെടുപ്പും രൂപരേഖ തയ്യാറാക്കലും നടത്തുക<br>c. തീരുമാനങ്ങൾ നേരിട്ടറിയിക്കുക | | LRD<br>SRRDA<br>മറ്റു വകുപ്പുകൾ | | | | പ്രവർത്തനങ്ങൾ (7 ദിവസങ്ങൾക്കുള്ളിൽ) DPIU, LSGD ക്ക് റിപ്പോർട്ട് ചെയ്യേണ്ടത് (5 ദിവസങ്ങൾക്കുള്ളിൽ) |
| | 8. നിരീക്ഷിക്കൽ<br>എ. കർത്തവ്യങ്ങൾ 1-6 വരെയുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുക<br>ബി. DPIU, SRRDA യെ എല്ലാ നടപടിക്രമങ്ങളും അറിയിക്കുക<br>3 മാസം കൂടുമ്പോഴുള്ള റിപ്പോർട്ട് | PIU (സാമൂഹ്യ യൂണിറ്റ്) | GP മുനിസിപ്പാലിറ്റികൾ/ഗോത്ര മേഖലകൾ/ ഗോത്രനേതാവ് PIU (സാമൂഹ്യ യൂണിറ്റ്) NGO കൾ | പദ്ധതിയുടെ കാലയളവിൽ മുഴുവനായി ഇടവേളകളില്ലാതെ എല്ലാ നാലാം മാസത്തിലും | | (സാമൂഹ്യ സെൽ) | തുടക്കത്തിൽ ആഴ്ചയിൽ പിന്നീട് മാസത്തിൽ LSGD ക്ക് റിപ്പോർട്ട് ചെയ്യുക |
| | 9. സമൂഹത്തിന്റെ പ്രതികരണങ്ങൾ സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ, പ്രത്യേകിച്ച് പി.എ.പി കൾക്കിടയിൽ പ്രതികരണത്തിനായി ഒരു സർവേ നടത്തുക (സ്വീകരിച്ച നടപടികളെക്കുറിച്ചും നിർമാണത്തിന്റെ ഗുണഗണത്തെക്കുറിച്ചും) | PIU (സാമൂഹ്യ യൂണിറ്റ്) BLSC | GP (ഗ്രാമപഞ്ചായത്ത്) മുനിസിപ്പാലിറ്റികൾ, ഗോത്രമേഖല ഗോത്രനേതാവ് LRD പദ്ധതിയിലെ ഉദ്യോഗസ്ഥർ | തീരുമാനിക്കേണ്ടത് LSGD | | LSGD | പദ്ധതിയുടെ കാലയളവിൽ എല്ലാ മൂന്നുമാസത്തിലും |

DRAFT

# ഡയഗ്രം അടിസ്ഥാനമാക്കിയുള്ള അവലോകനം

Figure 2.1 RESETTLEMENT PLANNING – DIAGRAMMATIC OVERVIEW




## 3.0 സ്ഥാപനപരമായ ക്രമീകരണങ്ങൾ

3.1. കേരള പുനർനിർമാണം (RKI) ഒരു കേരള സംസ്ഥാനത്തിന്റെ പദ്ധതിയും അത് നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണവകുപ്പുമാണ് (LSGI). ഈ പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണവകുപ്പ് സ്ഥാപനങ്ങളായ പഞ്ചായത്തും മുനിസിപ്പാലിറ്റിയുമായതിനാൽ സ്ഥാപനപരമായ ക്രമീകരണങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിലെ പ്രധാന സ്ഥാപനം തദ്ദേശസ്വയംഭരണവകുപ്പാണ് (3) പദ്ധതി നിർവഹണയൂണിറ്റ് ജില്ലാതലത്തിൽ (PWD/RES) (4) വില്ലേജിലെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പ്രാദേശികതലത്തിൽ (5) സാങ്കേതിക പരിശോധകൻ / മേൽനോട്ടത്തെപറ്റി കൂടിയാലോചിക്കുന്ന വിമർശകന്മാർ (CSC)

LSGD യാണ് നിർവഹണ ഏജൻസി. ജില്ലാതലത്തിൽ PIUആണ് പദ്ധതി അതിന്റെ താഴെത്തട്ടിൽ നിർവഹിക്കുന്നത്. ഈ സ്ഥാപനങ്ങളും RPF - TDP പ്രവൃത്തികൾ ഏകീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിന് ബാധ്യസ്ഥരാണ്.

**<u>നടപ്പിലാക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്യുന്നതു സംബന്ധിച്ച ചാർട്ട്</u>**




RPF - TDF നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹികഘടകങ്ങൾ നിയന്ത്രിക്കുന്ന ഓഫീസറെ സംസ്ഥാനതല എക്സിക്യൂട്ടീവ് എഞ്ചിനീയറെ സാഹായിക്കാനായി നിയമിക്കുന്നു. അവർ പദ്ധതി

യുടെ ഡയറക്ടറെ ഉപദേശിക്കുകയും സഹായിക്കുകയും ചെയ്യുകയും PIU മായി ഇടപെട്ട് RPF-TDF വ്യവസ്ഥകൾ നടപ്പിലാക്കുകയും ചെയ്യുന്നു.

സാങ്കേതിക ഓഡിറ്റ് / മേൽനോട്ട ഉപദേശകർ ഓരോ പദ്ധതിയിലും നിയമിക്കപ്പെടുകയും അവർ തുടർച്ചയായി ആസൂത്രണം, രൂപരേഖ, റോഡ് നിർമാണ പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കുകയും ഉപപദ്ധതിയുടെ ഓരോ ഘട്ടത്തിലും നടപടികൾ സ്വീകരിച്ചത് അനുവ

DRAFT

ദിക്കപ്പെട്ട നടപടിക്രമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ചാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. RPF - SMF വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സാമൂഹ്യ സ്പെഷ്യലിസ്റ്റിന്റെ സ്ഥാനം നൽകണം.

അസിസ്റ്റന്റ് എഞ്ചിനീയർ / ജൂനിയർ എഞ്ചിനീയർ എന്നിവരിലൂടെ PIU എല്ലാ RPF-TDF AE കർത്തവ്യങ്ങളും നിർവഹിക്കുന്നു. ഇതിന് പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ (PRIS) (സർക്കാരും / മറ്റ് പഞ്ചായത്ത്/ വാർഡ് മെമ്പർമാർ മുതലായവരും) മുനിസിപ്പൽ അംഗങ്ങളുടെ സഹായവും പങ്കാളിത്തവും തേടുന്നു. PMU വിനാണ് പുനഃസ്ഥാപനം ഏകീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം മറ്റു പദ്ധതി ഘടകങ്ങൾക്കെല്ലാമുള്ളത്. PRIS/ മുനിസിപ്പാലിറ്റികൾ DRDA റവന്യൂവകുപ്പ് തുടങ്ങിയ വിവിധ ഏജൻസികളെ ഏകീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം PMU വിനാണുള്ളത്. നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ ജില്ലാ PIU യോഗങ്ങൾ സംഘടിപ്പിക്കുകയും പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് അറിയിക്കുകയും ചെയ്യും. അർഹതപ്പെട്ടവർക്ക് നൽകുന്നത് PRIS -ലൂടെയും മുനിസിപ്പാലിറ്റികളിലൂടെയുമാണ്. ഇതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റികൾക്കും J. E. (PIU) ക്കുമാണ്. ഓരോ ഏജൻസിക്കും / ഉദ്യോഗസ്ഥനമുള്ള പങ്കാളിത്തവും ഉത്തരവാദിത്വവും സംബന്ധിച്ച് പട്ടിക 3.1-ൽ വിവരിച്ചിട്ടുണ്ട്.

എല്ലാ മരാമത്തുപണികളും ആരംഭിക്കേണ്ടത് തിരഞ്ഞെടുത്ത പാത അഥവാ ഭൂമി എല്ലാ കുടിയേറ്റങ്ങളിൽ നിന്നും സ്വതന്ത്രമാവുകയും PIU വിന് ഭൂമിയുടെ ഉടമസ്ഥാവകാശം കൈവരികയും ചെയ്യുമ്പോഴാണ്.

മരാമത്തുപണികൾ തുടങ്ങുന്നതിനുമുമ്പ്, ഭൂവുടമസ്ഥർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യേണ്ടതാണ്. (ഭൂമി സ്വീകരിക്കുന്നത് പണം കൊടുത്താണെന്ന് തീരുമാനിച്ച സംസ്ഥാനങ്ങളിൽ) ധാരണാപത്രം/സത്യവാങ്മൂലം തുടങ്ങിയവയാണ് റോഡ് പ്രവർത്തനങ്ങൾക്ക് ഇഷ്ടദാനമായി ഭൂമിനൽകുന്ന സംഗതികളിൽ വേണ്ടത്. നടപ്പിലാക്കുന്ന ഘട്ടത്തിൽ സമൂഹവുമായി PIU ചർച്ച നടത്തുകയും വേണം (പദ്ധതിപ്രവർത്തനങ്ങളെക്കുറിച്ച് വിവരം നൽകുവാൻ. ഭൂമി നടത്തിപ്പ് സംബന്ധിച്ച സമിതി നിലവിലില്ലെങ്കിലോ നിഷ്ക്രിയമാണെങ്കിലോ തദ്ദേശസ്വയംഭരണ വകുപ്പോ (LSGI) ജില്ലാതല നിർവഹണസമിതിയോ സർക്കാർ ഉത്തരവോ നോട്ടിഫിക്കേഷനോ, അതിന്റെ രൂപീകരണം സംബന്ധിച്ച് വില്ലേജ് തലത്തിൽ നോട്ടീസ് പുറപ്പെടുവിക്കേണ്ടത്.

**പട്ടിക 3.1 വിവിധതലങ്ങളിൽ SMF നടപ്പിലാക്കുന്നതിന്റെ പങ്കും ഉത്തരവാദിത്വങ്ങളും.**

| തലങ്ങൾ/ ഘട്ടങ്ങൾ | പങ്കും ഉത്തരവാദിത്വങ്ങളും |
|---|---|
| PMU<br>നോഡൽ | • സമൂഹത്തിനായി/PAP കൾക്കായി വിവരം പ്രദർശിപ്പിക്കുന്നത് ഉറപ്പാക്കുക.<br>• ഏജൻസികളുമായി സഹകരിച്ച് സാമൂഹിക വികസനപ്രക്രിയകൾ നടപ്പിലാക്കുക.<br>• സംസ്ഥാനതല ഏജൻസിയുമായി സഹകരിച്ച് അർഹതയുള്ളവ<br>• പദ്ധതികാരണം ബുദ്ധിമുട്ടിലായ ജനങ്ങളെപ്പറ്റിയുള്ള വിലയിരുത്തൽ ഏകീകരിക്കുക. ദുർബലരേയും അർഹരേയും കണക്കാക്കുക. R & R നടപ്പിലാക്കൽ സംബന്ധിച്ച് വിലയിരുത്തുക.<br>• പട്ടികയനുസരിച്ച് എസ്.എം.എഫ് നടപ്പിലാക്കുക. |

DRAFT

<table>
<tr><td></td><td>• R & R പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി TA വിദഗ്ധരുടെ സഹായത്തോടെ ആർ.കെ.ഐ റോഡുകൾ നിരീക്ഷിക്കുക.<br>• പ്രാധാന്യം നൽകപ്പെട്ടിട്ടില്ലാത്ത സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പുരോഗതി റിപ്പോർട്ട് ചെയ്യുക. പിന്നീട് വരുന്ന പദ്ധതികൾ ക്രമപ്പെടുത്തുക. ഉൾപ്പെടുന്ന ഏജൻസികൾക്ക് പരിശീലനം നൽകുക.</td></tr>
<tr><td colspan="2">• ഭൂമി കൈകാര്യം ചെയ്യുന്ന കമ്മിറ്റി ഗ്രാമപഞ്ചായത്തിലെയും മുനിസിപ്പാലിറ്റികളിലെയും റവന്യൂ സെക്രട്ടറിപോലുള്ള ഉദ്യോഗസ്ഥരും തിരഞ്ഞെടുക്കപ്പെട്ടവരും ഉൾപ്പെടുകയും/സർപാഞ്ച്./ ചെയർമാൻ/ ചെയർമാനും വൈസ്ചെയർമാനും (LMCയുടെ)</td></tr>
<tr><td>ജില്ലാതല പദ്ധതി നിർവഹണ യൂണിറ്റ് (PIU)</td><td>ജില്ലാതലം (സൂപ്രണ്ടിംഗ് എഞ്ചിനീയർ / SE എക്സിക്യൂട്ടീവ് എഞ്ചിനീയർ EE)</td></tr>
<tr><td></td><td>• തിരഞ്ഞെടുത്ത റോഡുകൾ ജില്ലാ പഞ്ചായത്തിലും മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തിലും പഞ്ചായത്ത് ഓഫീസുകളിലും മുനിസിപ്പാലിറ്റി ഓഫീസുകളിലും പ്രദർശിപ്പിക്കുക. റോഡുകളെക്കുറിച്ചുള്ള കുറിപ്പുകൾ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ കൈവശവും ഗോത്രമേഖലകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുക.<br>• ജില്ലാ, ബ്ലോക്ക് തലത്തിലുള്ള PIU(EE/SE) ഉറപ്പു വരുത്തേണ്ടത് റോഡ് തിരഞ്ഞെടുത്ത് പ്രളയം ബാധിച്ചതിന്റെ അടിസ്ഥാനത്തിലാണ് എന്നതാണ്.<br>• EE/SE ഭൂമി ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. റോഡ് തിരഞ്ഞെടുപ്പിന് നിർദ്ദിഷ്ട റോഡുകൾ തിരഞ്ഞെടുക്കാൻ ഇതാവശ്യമാണ്.</td></tr>
<tr><td>ഘട്ടങ്ങൾ</td><td>ചുമതലകളും ഉത്തരവാദിത്വങ്ങളും</td></tr>
<tr><td></td><td>പ്രവർത്തനമണ്ഡല തലത്തിൽ (AE/JE)<br>• RPF-TDF - ൽ പരാമർശിച്ചപോലെ പദ്ധതി വിവരം അതിന്റെ വിവിധതലങ്ങളിൽ പ്രദർശിപ്പിക്കൽ<br>• സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനു മുമ്പ് റവന്യൂ റിക്കോർഡുകളുടെയും മാപ്പുകളുടെയും ലഭ്യത ഉറപ്പുവരുത്തൽ സമൂഹത്തിന്റെ ആസൂത്രണ (റോഡ് സുരക്ഷിതത്വവും ഭാവി വളർച്ചയും ഉൾപ്പെടെ)ത്തിലൂടെ വിന്യാസത്തിന്</td></tr>
</table>

| | |
|---|---|
